# താമരമൊട്ടുകൾ

വാല്യം 27 | സെപ്റ്റംബർ 2025 | ലക്കം 09 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## September 2025

| | | |
|---|---|---|
| 01 | 10.00 | Thamarassery |
| | 18.00 | Poovaramthode |
| 02 | | Office Day |
| 03 | | Engaged |
| 04 | | Engaged |
| 06 | 10.00 | Thamarassery |
| 07 | 07.00 | Pandhalloor |
| 08 | 10.00 | Thiruvambady |
| 09 | 10.00 | Thamarassery |
| | 18.00 | Parappanangady |
| 10 | | Office Day |
| | 18.00 | Mankavu |
| 11 | 06.30 | Maramchatty |
| | 14.00 | Kunnoth |
| 12 | 06.30 | PMOC |
| | 18.00 | Kuppayakode |
| | 19.00 | Pullurampara |
| 13 | 06.45 | Vettilappara |
| | 15.00 | Erude |
| 14 | 07.00 | Nooramthode |
| 15 | 06.00 | Paroppady |
| | 10.30 | Thamarassery |
| 16 | 10.30 | Thamarassery |
| | 15.00 | Thiruvambady |
| 17 | 10.30 | Thamarassery |
| | 17.00 | Kozhikode |
| 18 | | Office Day |
| | 18.00 | Pullurampara |
| 19 | | Prayerday |
| 20 | 06.30 | Karuvarakundu |
| | 10.00 | Kalikavu |
| | 16.15 | Puthuppady |
| 21 | 07.00 | NIT Kattangal |
| 22 | 10.30 | Thamarassery |
| 23 | 10.00 | Thamarassery |
| | 18.00 | Kakkadampoyil |
| 24 | 08.00 | Alakode |
| | 18.00 | Kunnamangalam |
| | 20.00 | Engapuzha |
| 25 | 12.00 | Kuppayakode |
| 26 | 18.00 | Pullurampara |
| 27 | 10.00 | Thamarassery |
| | 18.00 | Maruthomkara |
| 28 | 07.00 | Perambra |
| 29 | 06.30 | Thamarassery |
| | 18.00 | Mukkam |
| 30 | 06.30 | Pushpagiri |
| | 10.30 | Thamarassery |

വാല്യം 27 താമരമൊട്ടുകൾ സെപ്റ്റംബർ 2025 ലക്കം 09

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



Holy Infant Mary

*Pray for us*


സ്വർഗ്ഗീയ യാത്രയുടെ 5 വർഷങ്ങൾ
മാർ പോൾ ചിറ്റിലപ്പിള്ളി
താമരശ്ശേരി രൂപതയുടെ മുൻ മെത്രാൻ
ജനനം : 07.02.1934 | മരണം : 06.09.2020
പ്രാർത്ഥനകളോടെ...
താമരശ്ശേരി രൂപത

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 01 | ആശംസകൾ | 619 |
| 02 | പ്രോഗ്രാം സെപ്റ്റംബർ 2025 | 621 |
| 03 | സർക്കുലർ 22/2025 ജപമാലഭക്തി | 622 |
| 04 | ഹൃദയപൂർവം 4/2025 കുട്ടിൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത് | 625 |
| 05 | സർക്കുലർ 21/2025 | 629 |
| 06 | കച്ചേരിക്കാര്യം | 632 |
| 07 | പാവനസ്മരണയ്ക്ക് | 636 |
| 08 | ആദരാഞ്ജലികൾ | 637 |
| 09 | വിശ്വാസപരിശീലനം | 639 |
| 10 | ചെറുപുഷ്പ മിഷൻലീഗ് & തിരുബാലസഖ്യം | 644 |
| 11 | കെസിവൈഎം-എസ്എംവൈഎം | 646 |
| 12 | മദ്ബഹ ശുശ്രൂഷാസംഘം | 648 |
| 13 | സെമിനാരി വാർത്തകൾ | 648 |
| 14 | എയ്ഡർ എഡ്യൂകെയർ | 654 |
| 15 | വിദ്യാഭ്യാസരംഗം | 651 |
| 16 | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 653 |
| 17 | സ്റ്റാർട്ട് | 654 |
| 18 | കരുണാഭവൻ | 655 |
| 19 | കത്തോലിക്ക കോൺഗ്രസ് | 665 |
| 20 | മരിയൻ പ്രോലൈഫ് മൂവ്മെന്റ്, യൂദിത്ത് ഫോറം | 658 |
| 21 | ബഥാനിയ ധ്യാനകേന്ദ്രം | 661 |
| 22 | വികസനവേദി | 663 |
| 23 | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 674 |
| 24 | യേശുനിധി | 668 |
| 25 | അജപാലനക്കുറിപ്പുകൾ | 669 |

# BIRTH DAY
## Greetings

Rev. Fathers

| | | |
|---|---|---|
| Anikkudiyil Abraham | September | 1 |
| Puthiyedath Francis | | 3 |
| Puhenpurackal Jacob | | 5 |
| Thoomullil Mathew | | 5 |
| Malapravanal Thomas | | 8 |
| Kuttikatt George | | 13 |
| Pulimoottil Mathew (Jr) | | 14 |
| Mannancheril Joseph | | 17 |
| Parathottathil Sebastian | | 18 |
| Eyyalil Thomas | | 21 |
| Chirakandathil Jose | | 24 |
| Kalathil Joseph | | 26 |
| Karukamalil George | | 27 |
| Areethara Jacob | | 29 |

**Mar Remigiose Inchananiyil**

# Feast Day Greetings

## Rev. Fathers

| | | |
|---|---|---|
| Kiliyanparambil Joseph | September | 18 |
| Chembuthookil Mathew | | 21 |
| Cheruvelil Mathew | | 21 |
| Choorapoikayil Mathew | | 21 |
| Kandassamkunnel Mathew | | 21 |
| Kollamparambil Mathew | | 21 |
| Kottackal Mathew | | 21 |
| Koramkott Mathew | | 21 |
| Kulathingal Mathew | | 21 |
| Mangalamadathil Mathew | | 21 |
| Mattakottil Mathew | | 21 |
| Mulangassery Mathew | | 21 |
| Munjanatt Mathew | | 21 |
| Nezhukumkattil Mathew | | 21 |
| Nirappel Mathew | | 21 |
| Panachipuram Mathew | | 21 |
| Panachickal Mathew | | 21 |
| Peruvelil Mathew | | 21 |
| Pulimoottil Mathew (Sr) | | 21 |
| Pulimoottil Mathew (Jr) | | 21 |
| Thadathil Mathew | | 21 |
| Thekkumcherikunnel Mathew | | 21 |
| Thekkekaramattathil Mathew | | 21 |
| Thittayil Mathew | | 21 |
| Thoomullil Mathew | | 21 |
| Ezhanikatt Vincent | | 27 |
| Kandathil Vincent | | 27 |
| Karukamalil Vincent | | 27 |
| Neelamparambil Michael | | 29 |

**Mar Remigiose Inchananiyil**

## പ്രോഗ്രാം സെപ്റ്റംബർ 2025

| | | |
|---|---|---|
| 01 | തിങ്കൾ | എട്ടുനോമ്പാരംഭം |
| 05 | വെള്ളി | **വി. മദർ തെരേസ** |
| 05 | വെള്ളി | **ചരമദിനം : ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം (2007)** |
| 06 | ശനി | **ചരമദിനം : അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി (2020)** |
| 08 | തിങ്കൾ | **പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാൾ** |
| 13 | ശനി | വി. ജോൺ ക്രിസോസ്തോം |
| 14 | ഞായർ | **വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ** |
| 21 | ഞായർ | വി. മത്തായി |
| 22 | തിങ്കൾ | **ചരമദിനം : ഫാ. ദേവസ്യ വലിയപറമ്പിൽ (2022)** |
| 27 | ശനി | **വി. വിൻസെന്റ് ഡി പോൾ** |
| 28 | വ്യാഴം | **ചരമദിനം : ഫാ. ജോസഫ് കാപ്പിൽ (2024)** |
| 29 | തിങ്കൾ | **മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാർ** |
| 30 | ചൊവ്വ | വി. ജെറോം |
| 30 | ചൊവ്വ | **ചരമദിനം : ഫാ. ജോൺ മണലിൽ (2021)** |

**സർക്കുലർ 22/2025**

# ഒക്ടോബർ മാസം
# ജപമാല ഭക്തി

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ആത്മീയ ഉണർവിന്റെയും കുടുംബ നവീകരണത്തിന്റെയും വ്യക്തിപരമായി ദൈവത്തെ കണ്ടുമുട്ടുന്ന കൃപയുടെയും ജീവിതവിശുദ്ധിയുടെയും സമയമാണ് ജപമാല മാസമായ ഒക്ടോബർ. സഭയുടെ ആത്മീയ സമ്പന്നതയായ വിശുദ്ധാത്മാക്കളിൽ പ്രഥമസ്ഥാനിയും ലോകത്തിന്റെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിലൂടെ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും വ്യക്തിപരമായും, ക്രിസ്തു അനുഭവം തൊട്ടറിയുന്ന ജപമാല ഭക്തിയിലേക്ക് എല്ലാവരേയും സ്നേഹത്തോടെ ക്ഷണിക്കുന്നു. “സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും” (ലൂക്ക 2,46) എന്ന പരിശുദ്ധ അമ്മയുടെ പ്രവചനത്തിന്റെ പൂർത്തീകരണവും സാക്ഷ്യവുമാണ് ജപമാല ഭക്തിയിലൂടെ സംഭവിക്കുന്നത്. അത്ഭുതങ്ങളുടെയും സൗഖ്യത്തിന്റെയും കലവറ തുറക്കപ്പെടുന്നതും വിശ്വാസത്തിലും സ്നേഹത്തിലും നിലനിൽക്കാനുള്ള കൃപ സമൃദ്ധമായി വർഷിക്കപ്പെടുന്നതും ജപമാല പ്രാർഥനയിലൂടെ നമുക്ക് അനുഭവിക്കാനാകും. പരിശുദ്ധ സഭയുടെ ജൂബിലി വത്സരത്തിലും മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിവേളയിലും നമ്മുടെ രൂപതാ സ്ഥാപനത്തിന്റെ നാല്പതാം വാർഷികാഘോഷങ്ങളിലും ഒക്ടോബർ മാസത്തെ ജപമാലഭക്തി ആത്മീയവിരുന്നായി ആസ്വദിക്കാൻ ഏവർക്കും സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ജപമാല ഭക്തിയുടെ പ്രചാരണത്തിന്റെ ചരിത്രപരമായ കാരണം നമ്മുടെ ഓർമ്മയിൽ ഉണ്ടല്ലോ. യൂറോപ്പിനേയും അതുവഴി റോമിനെയും കീഴടക്കുക എന്ന ലക്ഷ്യത്തോടെ 1571 ൽ തുർക്കികൾ സൈനീക നീക്കം നടത്തി. ദൈവാലയങ്ങൾ നശിപ്പിച്ചും വിശ്വാസികളെ കൊന്നൊടുക്കിയും മുന്നേറിയ തുർക്കികളെ, പീയൂസ് അഞ്ചാമൻ മാർപാപ്പയുടെ ആഹ്വാനത്തെ തുടർന്ന് ഇറ്റലി, ഫ്രാൻസ്, സ്പെയിൻ എന്നീ ക്രൈസ്തവ രാഷ്ട്രങ്ങൾ സംയുക്തമായി നേരിട്ടു. യൂറോപ്പിനെ തുർക്കികളിൽ നിന്ന് രക്ഷിക്കാനായി ഒക്ടോബർ ഒന്ന് മുതൽ പത്ത് ദിവസം തുടർച്ചയായി ജപമാല ചൊല്ലി പ്രാർഥിക്കാൻ മാർപാപ്പ ആവശ്യപ്പെടുകയും ചെയ്തു. ഒക്ടോബർ ഏഴിന് യുദ്ധവിജയത്തിന്റെ വാർത്ത എത്തുകയും ജപമാലരാജ്ഞിയായ വിജയമാതാവിന്റെ തിരുനാളായി പ്രസ്തുത ദിവസം പരിശുദ്ധ പിതാവ് പ്രഖ്യാപിക്കുകയും ക്രമേണ,

ലോകമെങ്ങും ജപമാല ഭക്തി പ്രചരിക്കുകയും ചെയ്തു. ഒക്ടോബർ മാസം ജപമാല മാസമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത് ലെയോ പതിമൂന്നാമൻ മാർപാപ്പയാണ്.

മതപീഡനങ്ങളുടെയും വിശ്വാസ - ആചാര നിയന്ത്രണങ്ങളുടെയും കുടുംബത്തകർച്ചകളുടെയും വർത്തമാനകാല ചുറ്റുപാടിൽ ജപമാലയാണ് നമ്മുടെ അതിജീവനമാർഗം. നമുക്ക് കവചം ഒരുക്കുന്നത് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗീയ മാധ്യസ്ഥ്യമാണ്. തിൻമയുടെ ബന്ധനങ്ങളിൽ കഴിയുന്നവരെ രക്ഷിക്കാൻ വിശ്വാസത്തോടും ത്യാഗത്തോടും കൂടിയ ജപമാല പ്രാർഥനയ്ക്ക് കഴിയും. ദിവസവും ജപമാല ചൊല്ലി സമർപ്പിക്കുന്നവർ ഒരിക്കലും വഴി തെറ്റിപ്പോകില്ലെന്ന് വിശുദ്ധ ലൂയി മോൺ ഫോർട്ട് പഠിപ്പിക്കുന്നുണ്ട്.

നമ്മുടെ കുടുംബങ്ങളിൽ സജീവമായ ക്രൈസ്തവജീവിതവും പ്രാർഥനാനുഭവവും വിശ്വാസവും പ്രകടമാകുന്ന അവസരമാണല്ലോ ജപമാല മാസാചരണം. ജപമാലയിലെ ഓരോ രഹസ്യവും ജപമണിയും, കുടുംബത്തിനും സൗഹൃദങ്ങൾക്കും നിയോഗങ്ങൾക്കും വേണ്ടി നമ്മുടെ പ്രാർഥന ഒഴുകിയിറങ്ങുന്ന നിമിഷങ്ങളാണ്. ക്രിസ്തു സംഭവത്തിലൂടെയുള്ള ധ്യാനാത്മകമായ യാത്ര, നമ്മുടെ ജീവിത വഴികളെ വിശ്വാസനയനങ്ങളിലൂടെ ദർശിക്കാനും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കാനും പ്രാപ്തരാക്കുന്നു. പുതുതലമുറയ്ക്ക് വിശ്വാസപരിശീലനത്തിന്റെ അനുഭവപാഠങ്ങൾ സ്വന്തമാക്കാൻ ജപമാല കേന്ദ്രീകൃതമായ സന്ധ്യാ പ്രാർഥനകൾവഴി സാധിക്കും. ഓർമ്മവെയ്ക്കുന്ന കാലം മുതൽ മക്കളുടെ മനസ്സിൽ നിറയുന്ന പ്രാർഥനയും അവർക്ക് എല്ലാ പ്രതിസന്ധികളിലും ആശ്രയവും ജപമാലയായി മാറണം.

കാനായും കാൽവരിയും ജീവിതത്തിന്റെ രണ്ട് യാഥാർഥ്യങ്ങളാണ്. പരിശുദ്ധ അമ്മയുടെ സാന്നിധ്യം രണ്ടിടത്തും കരുതലും കൃപയും വർഷിച്ചു. കാനാ അനുഭവങ്ങളിൽ തങ്ങിനിൽക്കാതെ കാൽവരി ചിന്തകളിൽ നടന്നുനീങ്ങാൻ ജപമാല നമ്മെ ശക്തരാക്കും. കഷ്ടതകളുടെയും അനിഷ്ടങ്ങളുടെയും മധ്യത്തിൽ ജീവിതത്തിൽ നിന്ന് ഓടിയൊളിക്കാതെ സധൈര്യം അവയെ നേരിടാൻ കന്യകാമറിയത്തെപ്പോലെ ദൈവഹിതം സ്വീകരിക്കുന്നവർക്ക് സാധിക്കുമെന്ന് പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ മാർപാപ്പ പഠിപ്പിക്കുന്നുണ്ട് (Homily: 2025 Aug.15). കുടുംബ ജീവിതത്തിലും വിശ്വാസരംഗത്തും നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ജപമാല പ്രാർഥന നമുക്ക് ശക്തി പ്രദാനം ചെയ്യട്ടെ.

പാപികളുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനും ജപമാല

ചൊല്ലി പ്രാർഥിക്കാൻ ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട് ആവശ്യപ്പെട്ട പരിശുദ്ധ അമ്മ, ഫാത്തിമായിലെ പ്രത്യക്ഷീകരണത്തിൽ സ്വയം പരിചയപ്പെടുത്തിയത് ഞാൻ ജപമാല രാജ്ഞിയാണെന്നായിരുന്നു. ലോക സമാധാനത്തെ അപകടപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നിന്നും തിന്മയുടെ കുത്തൊഴുക്കിൽനിന്നും സുരക്ഷ ഒരുക്കാൻ നമുക്ക് ജപമാലരാജ്ഞിയുടെ മാധ്യസ്ഥ്യം തേടുകയും ജപമാല പ്രാർഥനയിൽ ശരണം വെയ്ക്കുകയും ചെയ്യാം.

രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ, അഖണ്ഡ ജപമാല സമർപ്പണം ഇരുപത്തിയഞ്ചാം വർഷത്തിലാണ്. ബഥാനിയായിലെ അഖണ്ഡ ജപമാലയിലേക്ക് ഒരിക്കൽകൂടി ഞാൻ എല്ലാവരേയും ക്ഷണിക്കുന്നു. ഇടവകകളിൽ ആഘോഷമായ പത്ത് ദിവസത്തെ കൊന്തനമസ്ക്കാരവും കുടുംബകൂട്ടായ്മകളിലെ കൊന്തനമസ്ക്കാരവും ഒക്ടോബർ മാസം മുഴുവൻ എല്ലാ വീടുകളിലും നടക്കുന്ന ജപമാലയും നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെ പ്രഘോഷണമാണ്. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥതയിൽ ആത്മീയ ഉണർവുള്ളവരായി അനുഗ്രഹങ്ങൾ സ്വീകരിച്ച് പരിശുദ്ധസഭയുടെ ജൂബിലി വത്സരവും നമ്മുടെ രൂപതയുടെ നാല്പതാം വാർഷികവും അവിസ്മരണീയമാക്കാം.

യുഗാന്ത്യോന്മുഖമായ യാത്രയുടെ ഹൃദയസ്പർശിയായ വിചിന്തനമാണല്ലോ ഓരോ ജപമാല രഹസ്യവും. നമുക്ക് ഭക്തിയോടും തീഷ്ണതയോടുംകൂടി കൊന്ത ചൊല്ലി നിയോഗങ്ങൾ സമർപ്പിച്ച് ജപമാല മാസമായ ഒക്ടോബറിൽ, അമ്മയ്ക്കൊപ്പം ക്രിസ്തുവിലേക്ക് യാത്ര ചെയ്യാം. ജപമാല ഭക്തിയിലൂടെ ചൈതന്യം നിറയുന്ന ദിവസങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

ജപമാലരാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും രൂപതാമധ്യസ്ഥയായ വി. അൽഫോൻസയുടെയും പ്രാർഥനകൾ ദൈവസന്നിധിയിൽ നമുക്ക് മാധ്യസ്ഥമാകട്ടെ. നിങ്ങൾക്ക് ഏവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവം,



**✠ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

ഹൃദയപൂർവം 04/2025

# കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത്

സ്നേഹമുള്ള കുഞ്ഞുമക്കളേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ. ഓണക്കാലം നന്നായി ആസ്വദിക്കുകയാണെന്ന് കരുതുന്നു. പരീക്ഷയൊക്കെ എളുപ്പമായിരുന്നോ? ഞാൻ നിങ്ങൾക്ക് വേണ്ടി പ്രാർഥിക്കുന്നുണ്ടായിരുന്നു കേട്ടോ. പരിശുദ്ധ അമ്മയുടെ പിറവിതിരുനാൾ സെപ്റ്റംബർ എട്ടാം തീയതി നമ്മൾ ആഘോഷിക്കുകയാണല്ലോ. നമ്മുടെ ഏവരുടെയും പ്രിയങ്കരിയായ വിശുദ്ധ കൊച്ചുത്രേസ്യ ഇപ്രകാരം പറയുന്നു: 'സ്വർഗ്ഗത്തിൽ എനിക്ക് സ്വന്തമായി ഒരു അമ്മയുണ്ട് എന്നുള്ളതാണ് എന്റെ ഏറ്റവും വലിയ സന്തോഷം. പരിശുദ്ധ അമ്മയ്ക്ക് അതുപോലെ ഒരു അമ്മയില്ല എന്നുള്ളതാണ് എന്റെ ഏറ്റവും വലിയ ദുഃഖം'. വിശുദ്ധ കൊച്ചുത്രേസ്യയെപോലെ നിങ്ങളും അമ്മയെ സ്നേഹിക്കുന്നുണ്ടോ? അമ്മയെ നന്നായി സ്നേഹിച്ചാൽ അമ്മ നമ്മെ സ്വന്തം പോലെ കണക്കാക്കും. അമ്മയോട് ചേർന്ന് 'എന്റെ അമ്മേ എന്റെ ആശ്രയമേ' എന്ന സുകൃതജപം എപ്പോഴും നിങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കണം.

അമ്മയെ ആഴത്തിൽ സ്നേഹിച്ച ഒരു പെൺകുട്ടിയുടെ കഥയാണ് ഞാൻ നിങ്ങൾക്ക് എഴുതുന്നത്. വിശുദ്ധ ജോവാൻ ഓഫ് ആർക്ക് എന്ന പെൺകുട്ടിയെപ്പറ്റി കേട്ടിട്ടുണ്ടോ? 1412 ൽ ഫ്രാൻസിലെ ഒരു ചെറിയ ഗ്രാമമായ ഡൊമ്രെമിയിൽ ഒരു കർഷക കുടുംബത്തിൽ വി. ജോവാൻ ജനിച്ചു. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിലുള്ള '100 വർഷ യുദ്ധം' നടക്കുകയായിരുന്നു. ഫ്രാൻസ് പൂർണ്ണമായും കത്തോലിക്കാ രാജ്യമായിരുന്നു. ഇംഗ്ലണ്ട് ആകട്ടെ പ്രൊട്ടസ്റ്റന്റും. പരാജയം ഫ്രാൻസിനായിരുന്നു. നമ്മുടെ കഥാനായിക, സാധാരണക്കാരിയായ പെൺകുട്ടി ജോവാന് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥത്താൽ ദൈവീകമായ പ്രചോദനം ഉണ്ടായി. ഇംഗ്ലണ്ട് പട്ടാളത്തെ തോൽപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ ആത്മാവ് വെറും 17 വയസ്സുള്ള ജോവാന് വെളിപ്പെടുത്തിക്കൊടുത്തു. തനിക്ക് ലഭിച്ച ദർശനങ്ങൾ ഫ്രഞ്ച് സൈനാധിപന് വിവരിച്ചു നൽകുകയും അവൾ നൽകിയ നിർദ്ദേശം അനുസരിച്ച് യുദ്ധം ചെയ്തപ്പോൾ ഫ്രാൻസിന് വലിയ വിജയവും മുന്നേറ്റവുമുണ്ടാവുകയും ചെയ്തു. വിശുദ്ധ തന്നെ പടച്ചട്ടയണിഞ്ഞ് യുദ്ധത്തിന് നേതൃത്വം നൽകി,

ധീരതയോടെ യുദ്ധം ചെയ്തു. എന്നാൽ പത്തൊൻപതാം വയസ്സിൽ ഒരു ചതിയിൽപ്പെട്ട് വി. ജോവാൻ ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടു. തങ്ങളെ തോൽപ്പിക്കുന്നതിന് കാരണക്കാരിയായ ജോവാനെ അവർ ഒരു തൂണിൽ ബന്ധിച്ച് അഗ്നിക്കിരയാക്കി. അങ്ങനെ അവൾ രക്തസാക്ഷിത്വ മകുടം ചൂടി. 1920ൽ വി. ജോവാനെ വിശുദ്ധയായും ഫ്രാൻസിന്റെ സംരക്ഷകയായും ബെനഡിക്ട് പതിനഞ്ചാമൻ പാപ്പ പ്രഖ്യാപിച്ചു. ഒരു കൗമാരക്കാരി മാത്രമായിരുന്നിട്ടും, ദൈവം തനിക്കു നൽകിയ പ്രത്യേക ദൗത്യം തന്റെ രാജ്യത്തെ രക്ഷിക്കുകയും, ജനങ്ങളെദൈവവിശ്വാസത്തിലേക്ക് നയിക്കുക എന്നതുമാണെന്ന് അവൾ വിശ്വസിച്ചു. സമ്പന്നയോ ശക്തയോ പ്രശസ്തയോ ആയിരുന്നില്ല അവൾ പക്ഷേ ദൈവഹിതത്തോട് അതെ എന്നു പറഞ്ഞൊരു സാധാരണ പെൺകുട്ടി മാത്രമായിരുന്നു. വിശുദ്ധയുടെ ജീവിതം പലതലങ്ങളിൽ നമുക്ക് മാതൃകയാണ്.

### 1. വിശ്വാസം

വി. ജോവാൻ ദൈവത്തിൽ പൂർണ്ണമായും വിശ്വസിച്ചു. അവൾ ദിവസേന പ്രാർഥിച്ചു, ദൈവത്തിന്റെ ശബ്ദം ശ്രദ്ധിച്ചു.ദൈവം തനിക്കു വേണ്ടി ഒരുക്കിയ പ്രത്യേക പദ്ധതിയുണ്ട് എന്ന് വിശുദ്ധ വിശ്വസിച്ചു, എന്തു സംഭവിച്ചാലും അത് നിറവേറ്റാൻ തയ്യാറായി.വിഷമ സമയങ്ങളിൽ വിശുദ്ധയുടെ വിശ്വാസമാണ് അവളെ ശക്തയാക്കിയത്. ദൈവത്തിന് ജീവിതത്തിൽ ഒന്നാം സ്ഥാനം നൽകിയാൽ, അവൻ നമ്മെ കൈപിടിച്ചു നടത്തും എന്നവൾ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഓരോ പ്രതിസന്ധികളിലും ഈശോയുടെ കരം നമുക്ക് മുറുകെ പിടിക്കാം.

### 2. സ്നേഹം

എല്ലാ കാര്യങ്ങളിലും വി. ജോവാൻ ദൈവത്തെ സ്നേഹിച്ചു. രാജ്യത്തെ രക്ഷിക്കുന്നതിനും ബലഹീനരെ പരിചരിക്കുന്നതിനും അവളെ പ്രേരിപ്പിച്ചത് സഭയോടുള്ള സ്നേഹമാണ്. ഫ്രാൻസിലെ സഭയെ ഈശോയുടെ ശരീരമായി വിശുദ്ധ കണ്ടു. ആ ശരീരത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് അവൾ പോരാടിയത്. അതിനു കാരണം എന്താണ്? ഈശോയോടുള്ള ആഴമായ സ്നേഹം. നമുക്ക് എപ്പോഴും സഭാ സ്നേഹം ഉണ്ടായിരിക്കണം. എങ്ങനെയാണ് സഭാ സ്നേഹം പ്രകടിപ്പിക്കുക? മിഷൻ ലീഗ് പോലുള്ള ഭക്തസംഘടനകളിൽ സജീവമായി പങ്കെടുക്കുക, മിഷനെ നന്നായി സ്നേഹിക്കുക മുതലായ കാര്യങ്ങളിലൂടെ നമുക്ക് സഭാ സ്നേഹം പങ്കുവെക്കാം. നമ്മുടെ വികാരിയച്ചനേയും സിസ്റ്റേഴ്സിനെയും അധ്യാപകരെയും മറ്റുള്ളവരെയും നമുക്ക് സ്നേഹിക്കാം, സഹായിക്കാം.

**3. ധൈര്യം**

വി. ജോവാൻ ഓഫ് ആർക്ക് വളരെ ധൈര്യശാലിയായ പെൺകുട്ടിയായിരുന്നു. അവൾ ചെറുപ്പമായിരുന്നാലും, നന്മയ്ക്കും നീതിക്കും വേണ്ടി നിലകൊള്ളാൻ ഭയപ്പെട്ടിരുന്നില്ല. വി. ജോവാന് യുദ്ധങ്ങളിൽ പങ്കെടുക്കേണ്ടി വന്നു, സൈന്യങ്ങളെ നേരിടേണ്ടി വന്നു. പക്ഷേ അവൾ തളർന്നില്ല. വിശുദ്ധ സഭയ്ക്ക് വേണ്ടിയാണ് യുദ്ധം ചെയ്തത്. താൻ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നു എന്ന ഉറച്ച വിശ്വാസമാണ് അവളുടെ ധൈര്യത്തിന് കാരണമായത്. ധൈര്യമെന്നത് ഒരിക്കലും പേടിയില്ലാത്തതല്ല, പേടിയുണ്ടെങ്കിലും ദൈവത്തിൽ ആശ്രയിച്ച് ശരിയായ കാര്യങ്ങൾ ചെയ്യുന്നതാണ് എന്ന് വിശുദ്ധയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രതിസന്ധികൾ വരുമ്പോൾ നാം ഭയപ്പെടരുത് വി. ജോവാനെ പോലെ ധീരതയോടുകൂടി ദൈവം കൂടെയുണ്ടെന്ന ബോധ്യത്തോടെ മുന്നേറണം. ധൈര്യം ചോർന്നു പോകുന്ന നിമിഷങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ടോ?

**4. സത്യസന്ധത**

വി. ജോവാൻ എല്ലായ്പ്പോഴും സത്യത്തെ മുറുകെ പിടിച്ചു. ആളുകളെ സന്തോഷിപ്പിക്കാൻ, അല്ലെങ്കിൽ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ, അവൾ ഒരിക്കലും കള്ളം പറഞ്ഞില്ല. വിശുദ്ധയുടെ ജീവിതത്തിൽ വിശ്വാസവും സത്യവും വിളങ്ങി. അതുകൊണ്ട് നിരവധി പേർ അവളെ ബഹുമാനിക്കുകയും പിന്തുടരുകയുംചെയ്തു. എത്ര ബുദ്ധിമുട്ടായാലും സത്യം പറയുക എന്നും ഏറ്റവും നല്ല തിരഞ്ഞെടുപ്പാണെന്നും അത് ശക്തരുടെ അടയാളമാണെന്നും വിശുദ്ധ നമ്മെ ഓർമ്മിപ്പിക്കുന്നു.

**5. സഹായ മനോഭാവം**

വി. ജോവാൻ സ്വന്തം ജീവിതം ശ്രദ്ധിച്ചില്ല, പകരം രാജ്യത്തെ രക്ഷിക്കുന്നതിനും സമാധാനം കൊണ്ടുവരുന്നതിനും വേണ്ടി അവൾ പോരാടി, പരിക്കേറ്റവരെ പരിചരിക്കുകയും, സൈനികരെ ദയയോടും നീതിയോടും പെരുമാറാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നമ്മുടെ കഴിവുകൾ മറ്റുള്ളവർക്കു വേണ്ടി ഉപയോഗിക്കുമ്പോൾ, അതായത് മറ്റുള്ളവരെ സഹായിക്കാൻ ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ലോകം കൂടുതൽ മനോഹരമാകുമെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു.

**6. പാപത്തിൽ നിന്നുള്ള അകൽച്ച**

വി. ജോവാൻ ദൈവത്തെ സ്നേഹിച്ചത് കൊണ്ട് ഒരിക്കലും പാപം

ചെയ്യാതെ വിശുദ്ധിയിൽ ജീവിക്കാൻ ശ്രദ്ധിച്ചു. പാപം ദൈവവുമായി ഉള്ള തന്റെ സൗഹൃദത്തെ മുറിപ്പെടുത്തും എന്ന് വിശുദ്ധ മനസ്സിലാക്കിയിരുന്നു. അവൾ ദൈവഹിതത്തിന് വിധേയപ്പെട്ട് ജീവിക്കാൻ ശ്രമിച്ചു. നിരന്തരം പ്രാർത്ഥിക്കുകയും, കുമ്പസാരിക്കുകയും, തെറ്റിലേക്കു നയിക്കുന്ന കാര്യങ്ങളിൽ നിന്ന് അകലുകയും ചെയ്തു. വിശുദ്ധി എന്നത് പാപങ്ങൾ ചെയ്യാതിരിക്കുക എന്നത് മാത്രമല്ല, മറിച്ച് ദൈവഹിതത്തിന് 'അതെ' പറയുന്നതാണെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു .

"വലിയ കാര്യങ്ങൾ ചെയ്യാൻ മുതിർന്നവരോ, സമ്പന്നരോ, ശക്തരോ ആകേണ്ടതില്ല; പൂർണ്ണഹൃദയത്തോടെ ഈശോയെ സ്നേഹിച്ചാൽ മതി" എന്ന് വി. ജോവാൻ ഓഫ് ആർക്ക് നമ്മെ പഠിപ്പിക്കുന്നു. അപ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് ദൈവം നമുക്ക് വെളിപ്പെടുത്തി തരും. ദൈവം വെളിപ്പെടുത്തിത്തരുന്ന കാര്യങ്ങൾ ദൈവത്തിൽ വിശ്വസിച്ച് സത്യസന്ധതയോടെ ചെയ്യണം. ഈ ഗുണങ്ങൾ നാം വീട്ടിലും, സ്കൂളിലും, സുഹൃത്തുക്കൾക്കിടയിലും പ്രാവർത്തികമാക്കണം. വി. ജോവാൻ ഓഫ് ആർക്കിന് യുദ്ധം ചെയ്യാൻ അറിയില്ലായിരുന്നു. പക്ഷേ യുദ്ധമുറകൾ എല്ലാം പഠിപ്പിച്ചത് ഈശോയാണ്. ദൈവസ്നേഹത്തെ പ്രതി പ്രേഷിതരായി ജീവിക്കാനുള്ള യുദ്ധമുറകൾ ഞങ്ങളെയും പഠിപ്പിക്കണമേ എന്ന് നമുക്കും ഈശോയോട് പ്രാർഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ കത്ത്, സെപ്റ്റംബർ മാസത്തിലെ ആദ്യ ഞായറാഴ്ച വിശ്വാസ പരിശീലകർ കുട്ടികൾക്ക് അസംബ്ലിയിൽ വായിച്ചു കൊടുക്കേണ്ടതാണ്.*

*സർക്കുലർ 21/2025*

# സർക്കാർ സർവീസുകളിലേയ്ക്ക് പരിശീലനം - വിദ്യാർത്ഥികൾക്കായി മൂല്യനിർണ്ണയ പരീക്ഷ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, വിശ്വാസപരിശീലകരേ, മാതാപിതാക്കന്മാരേ, സ്നേഹമുള്ള വിദ്യാർഥികളേ,

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭരണരംഗങ്ങളിൽ, പ്രത്യേകിച്ച് സിവിൽ സർവീസ് മേഖലയിൽ ക്രൈസ്തവരുടെ പങ്കാളിത്തം വളരെ കുറവാണ്. 2024 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ സർക്കാർ ജോലികളിൽ 5.45 ലക്ഷം ജീവനക്കാരിൽ 13.5% മാത്രമാണ് ക്രൈസ്തവർ, അതിൽ ഭൂരിഭാഗവും അധ്യാപകരാണ്. സർക്കാർ മേഖലയിലെ ക്രൈസ്തവ സമൂഹത്തിന്റെ കുത്തനെ കുറയുന്ന കണക്ക് ആശങ്കപ്പെടുത്തുന്നതാണ്. അർപ്പണ ബോധത്തോടെ, ആത്മവിശ്വാസത്തോടെ മത്സരിച്ചാൽ ഉയർന്ന തസ്തികയും ശമ്പളവുമുള്ള സർക്കാർ ജോലികൾ നേടിയെടുക്കാൻ നമ്മുടെ സഭയിലെ മക്കൾക്കും കഴിയും. വിദേശകുടിയേറ്റ ഭ്രമത്തിൽ നമ്മുടെ യുവജനങ്ങൾ നാട് വിടുമ്പോൾ സഭകളുടെ ഭാവിയും നിലനിൽപ്പു മെല്ലാം ഒരു ചോദ്യചിഹ്നമാകും എന്നുറപ്പാണ്. ഈ സാഹചര്യത്തിൽ, ചെറുപ്പം മുതൽ തന്നെ നമ്മുടെ യുവതലമുറയെ സർക്കാർ ജോലിയുടെ പ്രാധാന്യം മനസിലാക്കി പൊതുപ്രവർത്തനത്തി ലേക്കും ഉന്നത ജോലികളിലേക്കും ലക്ഷ്യബോധത്തോടെ നയിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. സമൂഹത്തിന്റെ സുസ്ഥിരതയും സാമൂഹികസുരക്ഷയും ഉറപ്പാക്കാൻ, കുട്ടികളെ ചെറുപ്പത്തിലേ ഈ മേഖലയുടെ സാധ്യതകളെകുറിച്ച് ബോധവാന്മാരാക്കുകയും അതിനായി സമഗ്രമായ പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്. അതിന് പ്രൈമറി ക്ലാസ്സുകൾ മുതൽ തന്നെ സർക്കാർ മേഖലയിലെ സാധ്യതകൾ നമ്മുടെ കുട്ടികൾക്ക് മുൻപിൽ തുറന്നുകൊടുക്കണം. ഇത് സ്കൂൾ പഠനത്തെ ബാധിക്കാതെ, നിശ്ചിതമായ രീതിയിൽ പരിശീലനം നൽകി വളർത്താനാകുന്ന മാതൃകയിലായിരിക്കണം.

2024 രൂപത അസംബ്ലിയിൽ നടത്തിയ സമുദായ ശാക്തീകരണ ചർച്ചയിൽ സഭയുടെ ഭാവിയും സുരക്ഷയും മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ കുട്ടികളെ സിവിൽ സർവീസ് ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന-സർക്കാർ ജോലിയിലേക്കും വിവിധ വകുപ്പുകളിലേക്കും എത്തിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം എന്ന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി

വർഷത്തോടനുബന്ധിച്ച് ആറു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന നമ്മുടെ സമൃദ്ധരായ കുട്ടികളെ കണ്ടെത്താനും തുടർ പരിശീലനം നൽകാനുമായി ഒരു പദ്ധതി ആരംഭിക്കുകയാണ്.

ഈ പദ്ധതിയുടെ ഭാഗമായി 2025 ഓഗസ്റ്റ് 15ന് നടത്തപ്പെടുന്ന സൗജന്യ ഓൺലൈൻ സ്ക്രീനിംഗ് ടെസ്റ്റിൽ ഒമ്പതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള എല്ലാ വേദപാഠ വിദ്യാർഥികളും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. ആറാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ താത്പര്യമുള്ളവർക്കും ഈ പരീക്ഷ എഴുതാവുന്നതാണ്. മതാധ്യാപകരും ഹെഡ്മാസ്റ്റർമാരും കുട്ടികളെ ഈ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്യിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സൗജന്യമായി നടത്തപ്പെടുന്ന ഈ പരീക്ഷ കുട്ടികളുടെ കഴിവും അറിവും ബോധ്യങ്ങളും വിലയിരുത്തുന്നതായിരിക്കും. മികച്ച മാർക്കോടുകൂടി തിരഞ്ഞെടുക്കപ്പെടുന്ന മുന്നൂറോളം വിദ്യാർഥികളെ തുടർന്നുള്ള പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തി മുന്നോട്ടു പോകുന്നതായിരിക്കും. കുട്ടികൾക്ക് ലഭിക്കുന്ന ഈ സുവർണ്ണ അവസരം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്ന് ഓർമിപ്പിക്കുന്നു. താമരശ്ശേരി രൂപതയിലെ വിശ്വാസ പരിശീലനത്തോടു സഹരിച്ചുകൊണ്ട് ഈ പ്രോജക്റ്റിന് നേതൃത്വം നൽകുന്നത് എയ്ഡർ ഫൗണ്ടേഷനും എയ്ഡർ എഡ്യൂകെയർ സംവിധാനവും ആയിരിക്കും. ഈ പ്രാഥമിക പരീക്ഷയിൽ മികച്ച വിജയം നേടുന്ന 300 കുട്ടികളെ Race to IAS Civil Service Program ലേക്ക് ഉൾപ്പെടുത്തുന്ന തായിരിക്കും.

നമ്മുടെ യുവതീയുവാക്കൾ ഡിഗ്രി/ഉപരിപഠനത്തിനുശേഷ മാണ് മിക്കവാറും സിവിൽ സർവീസ് പോലുള്ള പരീക്ഷകൾക്കു തയാറെടുപ്പു തുടങ്ങുന്നത്. ഇതുമൂലം പരീക്ഷാഘടന മനസിലാക്കാനോ ആത്മവിശ്വാസത്തോടെ അതിനെ നേരിടാനോ കുട്ടികൾക്ക് കഴിയാതെ പോവുകയും പരാജയഭീതിമൂലം പലരും പാതിവഴിയിൽ പരിശ്രമം ഉപേക്ഷിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ് നിലവിൽ കണ്ടുവരുന്നത്. ഇതിന് പരിഹാരമായി സ്കൂൾതലം മുതൽ പ്രത്യേകം തയ്യാറാക്കിയ സിവിൽ സർവ്വീസ് മാതൃകാ പരീക്ഷകളും ഫൗണ്ടേഷൻ ക്ലാസ്സുകളും ഉൾപ്പെടുത്തികൊണ്ട് തയ്യാറാക്കിയിരിക്കുന്ന പദ്ധതിയാണ് Race to IAS. ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾ നിലവിൽ ഈ പരീക്ഷയിൽ പങ്കെടുത്ത് വരുന്നുണ്ട്. ഈ പദ്ധതിയിൽ പങ്കുചേരുന്ന വിദ്യാർഥികൾക്ക് യഥാർത്ഥ സിവിൽ സർവീസ് പരീക്ഷയുടെ അതേ മാതൃകയിൽ പ്രിലിംസ്, മെയിൻസ് പരീക്ഷകളും, സിവിൽ സർവീസ് ഉദ്യോഗസ്ഥർ നേരിട്ട് നടത്തുന്ന പേഴ്സണാലിറ്റി ടെസ്റ്റും (ഇന്റർവ്യൂ) ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സിവിൽ സർവീസ് ഉദ്യോഗസ്ഥരും പ്രഗൽഭരും നേതൃത്വം നൽകുന്ന ഫ്രീ സിവിൽ സർവീസ് കോച്ചിങ്, മോക്ക് ടെസ്റ്റുകൾ, digital current

affairs magazine, പഠന സഹായികൾ തുടങ്ങിയവ പങ്കെടുക്കുന്ന കുട്ടികൾക്ക് ലഭിക്കുന്നതാണ്. ദേശീയ തലത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന 500 വിദ്യാർഥികൾക്ക് പ്രത്യേക സമ്മാനങ്ങളും സ്കോളർഷിപ്പുകളും ലഭിക്കുന്ന താണ്.

പ്രിയ വികാരിയച്ചന്മാരുടെയും അധ്യാപകരുടെയും മാതാപിതാക്കളുടെയും പൂർണ്ണമായ സഹകരണം ഈ പദ്ധതിയിലേക്ക് നൽകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഭാരതത്തിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയവും രൂപതാ മധ്യസ്ഥയായ വി. അൽഫോൻസാമ്മയും നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകരട്ടെ. നിങ്ങൾക്കെല്ലാവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട് മിശിഹായിൽ സ്നേഹപൂർവം നിങ്ങളുടെ വത്സലപിതാവ്,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 ആഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കാൻ നൽകിയത്.*

# കച്ചേരിക്കാര്യം

## 1. New Appointments

| | | |
|---|---|---|
| Rev. Fr. John Kalariparambil | : | Releived, Valliyad |
| Rev. Fr. Dominic Kuzhively | : | Vicar, Valliyad |
| Rev. Fr. Abraham Srambickal | : | Director, Bible Apostolate |
| Rev. Fr. Mathew Koramkott | : | Releived, Bible Apostolate |
| Rev. Fr. Dominic Pulpel MCBS | : | Eparchial Tribunal Judge |

## 2. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനം

മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 5-ാം ചരമവാർഷിക ദിനമായ സെപ്റ്റംബർ 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും നടക്കുന്നു. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവാണ് വി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുന്നത്. സാധിക്കുന്ന എല്ലാവരും അനുസ്മരണ ശുശ്രൂഷകളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ചരമദിനം ഇടവകയിൽ അറിയിക്കുകയും ഇടവകകളിൽ പിതാവിനുവേണ്ടി അർപ്പിക്കപ്പെടുന്ന വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 3. എട്ടുനോമ്പാചരണം

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണം നടത്തുന്ന നല്ല പാരമ്പര്യം നമ്മുടെ സഭയിലുണ്ട്. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും നോമ്പാചരണം സമുചിതമായി നടത്തുകയും ചെയ്യുമല്ലോ.

## 4. വൈദികരുടെ മാതാപിതാക്കളുടെ സംഗമം - സെപ്റ്റംബർ 9

റൂബി ജൂബിലിയോടനുബന്ധിച്ച് നമ്മുടെ രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച വൈദികരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഗമം സെപ്റ്റംബർ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 ന് താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയോടെ ആരംഭിക്കുന്നു. സംഗമത്തിൽ എല്ലാ വൈദികരും അവരുടെ കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

## 5. കൈക്കാരന്മാരുടെ സമ്മേളനം - സെപ്റ്റംബർ 15

ഇടവകകളിൽ സേവനം ചെയ്യുന്ന കൈക്കാരന്മാരുടെ സമ്മേളനം 2025 സെപ്റ്റംബർ 15-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മുതൽ ഉച്ചവരെ രൂപതാ

ഭവനിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ കൈക്കാരന്മാരും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 6. ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനം - സെപ്റ്റംബർ 16

നമ്മുടെ രൂപതയിലെ ഇടവകകളിൽ സേവനം ചെയ്യുന്ന ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനം സെപ്റ്റംബർ 16-ാം തീയതി ചൊവ്വാഴ്ച രൂപതാഭവനിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10.30 ന് ആരംഭിച്ച് ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ സമ്മേളനത്തിലേക്ക് ശുശ്രൂഷികളെ പറഞ്ഞയയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 7. അക്കൗണ്ടന്റ്മാരുടെ സമ്മേളനം - സെപ്റ്റംബർ 17

ഇടവകകളിൽ സേവനം ചെയ്യുന്ന അക്കൗണ്ടന്റ്മാരുടെ സമ്മേളനം 2025 സെപ്റ്റംബർ 17-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മുതൽ ഉച്ചവരെ രൂപതാഭവനിൽ വെച്ച് നടത്തപ്പെടുന്നു. ഇടവകകളിലെ കണക്കുകൾ കൈകാര്യം ചെയ്യുന്ന എല്ലാ അക്കൗണ്ടന്റ്മാരും ഈ സമ്മേനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 8. സുപ്പീരിയേഴ്സ് മീറ്റ്

താമരശ്ശേരി രൂപതയിലെ സമർപ്പിതസമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ സമ്മേളനം സെപ്റ്റംബർ 26 ശനിയാഴ്ച, രാവിലെ 10.30 മുതൽ രൂപതാഭവനത്തിൽ നടത്തപ്പെടുന്നു. എല്ലാ സുപ്പീരിയേഴ്സും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

### 9. അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വൈദികരുടെ പൊതുമാസ ധ്യാനം

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുകതിരുനാൾ ഒക്ടോബർ ഒന്നാം തീയതിയാണല്ലോ. നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരുന്നതിനോടനുബന്ധിച്ച് രൂപതയിലെ വൈദികരുടെ പൊതുമാസ ധ്യാനം നടത്തുന്നുണ്ട്. സെപ്റ്റംബർ 30 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനിൽ വച്ച് മാസധ്യാനം നടക്കുന്നതാണ്. ഉച്ചഭക്ഷണത്തോടെ ധ്യാനം സമാപിക്കും. ബഹുമാനപ്പെട്ട വൈദികരെല്ലാവരും ധ്യാനത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

### 10. പുതിയ അഡ്രസ്സ്

**ബഹു. മാത്യു നിരപ്പേൽ അച്ചൻ** കാനഡയിലെ മിസ്സിസാഗ സീറോ മലബാർ രൂപതയിൽ, എഡ്മെന്റൻ ഇടവകയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. അച്ചന് എല്ലാവിധ പ്രാർഥനകളും നേരുന്നു.


**Fr. Biju Joseph**
St. Alphonsa Syro-Malabar Catholic Forane Church
Edmonton, Alberta
9120146 Street, NW Alberta, Canada T5R OW2
Ph: +1 5879307489

## 11. സ്മരണാഞ്ജലികൾ

| | | |
|---|---|---|
| 02-09-85 | : | റവ. ഫാ. ജോസഫ് മഴുവഞ്ചേരി |
| **05-09-07** | **:** | **റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം** |
| **06-09-2020** | **:** | **മാർ പോൾ ചിറ്റിലപ്പിള്ളി** |
| 18-09-96 | : | റവ. ഫാ. സോസിമൂസ് സി.എം.ഐ. |
| 18-09-07 | : | റവ. ഫാ. ജോൺ കച്ചിറമറ്റം |
| 19-09-79 | : | റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Sr.) |
| 20-09-88 | : | റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Jr.) |
| 20-09-79 | : | റവ. ഫാ. സബീനുസ് സി.എം.ഐ. |
| 22-09-82 | : | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് |
| **22-09-2022** | **:** | **റവ. ഫാ. ദേവസ്യ വലിയപറമ്പിൽ** |
| **28-09-2024** | **:** | **റവ. ഫാ. ജോസഫ് കാപ്പിൽ** |
| **30-09-2021** | **:** | **റവ. ഫാ. ജോൺ മണലിൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**




പാവനസ്മരണയ്ക്ക്
റവ. ഫാ. അഗസ്റ്റിൻ
മണക്കാട്ടുമറ്റം
05.09.2007
മാർ പോൾ
ചിറ്റിലപ്പിള്ളി
06.09.2020
റവ. ഫാ. ദേവസ്യ
വലിയപറമ്പിൽ
22.09.2022
റവ. ഫാ. ജോസഫ്
കാപ്പിൽ
28.09.2024
റവ. ഫാ. ജോൺ
മണലിൽ
30.09.2021

# ആദരാഞ്ജലികൾ



## സി. റെജീസ് മേരി CMC

പാലാ രൂപതയിൽ ചക്കാമ്പുഴ ഇടവകയിൽ കീരമ്പനാൽ കുടുംബത്തിൽ ചാക്കോ ഏലി ദമ്പതികളുടെ നാലാമത്തെ പുത്രിയായി 1938 ജൂൺ 5 ന് സിസ്റ്റർ റെജീസ് മേരി ഭൂജാതയായി. പ്രാഥമിക വിദ്യാഭ്യാസം ചക്കാമ്പുഴ സ്കൂളിലും തുടർ വിദ്യാഭ്യാസം കൂടരഞ്ഞി, തിരുവമ്പാടി സ്കൂളുകളിൽ നിന്നും പൂർത്തിയാക്കി. 1961 ൽ SSLC പാസായ സിസ്റ്റർ 1962 ജൂൺ 16 ന് കൂടരഞ്ഞി മഠത്തിൽ അർത്ഥിനിയായി പ്രവേ ശിച്ചു. 1964 ഏപ്രിൽ 16ന് ആദ്യവ്രതവാഗ്ദാനവും 1968 മെയ് 3 ന് നിത്യവ്രതവാഗ്ദാനവും നടത്തി. പിന്നീട് ബാംഗ്ലൂരിൽ നിന്ന് TCH കോഴ്സ് പഠിച്ച സിസ്റ്റർ 1966 ആഗസ്റ്റ് എട്ടിന് കൂടരഞ്ഞി സ്കൂളിൽ അധ്യാപികയായി ഔദ്യോ ഗിക ജീവിതം ആരംഭിച്ചു. തലശ്ശേരി അതിരൂപതയിൽ അങ്ങാടിക്കടവ്, ഉളിക്കൽ, വെളിമാനം, എടൂർ, കച്ചേരികടവ്, നെല്ലിക്കാംപൊയിൽ മഠങ്ങളിൽ അംഗമായിരുന്നു കൊണ്ട് കോർപ്പറേറ്റ് സ്കൂളുകളിൽ തന്റെ സേവനം തുടർന്നു. 1994 ൽ നെല്ലിക്കാംപൊയിൽ സ്കൂളിൽനിന്ന് വിരമിച്ച് വീണ്ടും തേക്കുംകുറ്റി, കൂടരഞ്ഞി, പുത്തനങ്ങാടി, മേരിക്കുന്ന് എന്നീ ഭവന ങ്ങളിലായിരുന്നുകൊണ്ട് ദൈവജനത്തിന് ആത്മീയ ശുശ്രൂഷകൾ പകർന്നു നൽകി. കൂടരഞ്ഞി, വെളിമാനം, കച്ചേരികടവ്, പുഷ്പഗിരി എന്നീ ഭവനങ്ങളിൽ സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2005 ൽ കൂടരഞ്ഞി മഠത്തിൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചു. 2025 ജൂലൈ 26 ന് സിസ്റ്ററിന്റെ പാവനാത്മാവ് ദിവ്യനാഥന്റെ പക്കലേക്ക് യാത്രയായി. സിസ്റ്ററിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.





# സി. ജോസി MSJ

കോട്ടയം ജില്ലയിലെ നീലൂർ ഇടവക പുളിക്കൽ മൈക്കിൾ ഏലിക്കുട്ടി ദമ്പതികളുടെ 11 മക്കളിൽ എട്ടാമത്തെ മകളായി 1949 മാർച്ച് 19ന് ത്രേസ്യമ്മ (സി. ജോസി) ഭൂജാതയായി. 1966ൽ എസ്എസ്എൽസി പഠനം പൂർത്തിയാക്കിയ ത്രേസ്യാമ്മ ധർമ്മഗിരിയിൽ ചേർന്ന് ഒരു സമർപ്പിതയാകുവാനുള്ള തന്റെ ആഗ്രഹം അധികാരികളെ അറിയിക്കുകയും 1968 സെപ്റ്റംബർ എട്ടാം തീയതി സഭാ വസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനത്തിലൂടെ നാഥന്റെ സ്വന്തമായി, സിസ്റ്റർ ജോസി എന്ന പേര് സ്വീകരിച്ചു.

ക്രിസ്തു തന്നെയായ രോഗികളെ അതീവ താല്പര്യത്തോടെ ശുശ്രൂഷിക്കുന്നതിൽ, തന്റെ ജീവനും ജീവിതവും അവർക്കായി നൽകുന്നതിൽ തീഷ്ണത പുലർത്തിയ സിസ്റ്റർ ജോസി കർമ്മമണ്ഡലങ്ങളിൽ കാരുണ്യത്തിന്റെ ആൾരൂപമായി പ്രശോഭിച്ചു. സെന്റ് ജോസഫ് ഹോസ്പിറ്റൽ കോതമംഗലം, സെന്റ് സെബാസ്റ്റ്യൻ ഹോസ്പിറ്റൽ ചെറുപുഴ, സെന്റ് തോമസ് ഹോസ്പിറ്റൽ പോത്താനിക്കാട്, ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ അങ്കമാലി, സോഷ്യൽ സെന്റർ കോതമംഗലം, കുസുമഗിരി മെന്റൽ ഹെൽത്ത് സെന്റർ, കാക്കനാട് ഹോസ്പിറ്റൽ, കാഞ്ഞിരപ്പുഴ അസംപ്ഷൻ ഹോസ്പിറ്റൽ, ഫാത്തിമ ഹോസ്പിറ്റൽ തുവൂർ, എന്നിവിടങ്ങളിൽ അക്കൗണ്ടന്റായി സിസ്റ്റർ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. തുവൂർ, ആകാശപറവകളുടെ വിമലഹൃദയ ആശ്രമത്തിൽ 26 വർഷക്കാലം ഡയറക്ടർ ആയും 14 വർഷം സുപ്പീരിയർ ആയും സേവനം അനുഷ്ഠിച്ചു. കരുണാർദ്രമായ ശുശ്രൂഷകൾക്കുള്ള അംഗീകാരമായി നിരവധി അവാർഡുകളും പുരസ്കാരങ്ങളും സിസ്റ്ററിന് ലഭിച്ചിട്ടുണ്ട്.

സി. ജോസി തന്റെ ശാരീരിക ബുദ്ധിമുട്ടുകൾ ഏറിയപ്പോൾ പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമത്തിലായിരുന്നു. കർത്താവ് ദാനമായി നൽകിയ ജീവിതത്തിന്റെ മനോഹാരിത 76 വർഷക്കാലം ആസ്വദിച്ച് സ്വർഗ്ഗീയ വസതിയിലേക്ക്, 2025 ഓഗസ്റ്റ് 12-ാം തീയതി പറന്നുയർന്നു. സ്വർഗ്ഗപിതാവിന്റെ ഭവനത്തിൽ മാലാഖമാരുടെ സ്തുതിഗീതങ്ങളോടൊപ്പം ഈ കർമ്മനിരതയുടെ സംഗീതവും മുഴങ്ങട്ടെ.



# സി. എമ്മ MSJ

തലശ്ശേരി അതിരൂപത പാലാവയൽ ഇടവക അറയ്ക്കൽ കുരുവിളയുടെയും ഏലിയുടെയും എട്ട് മക്കളിൽ ഏഴാമത്തെ മകളായി 1942 ഡിസംബർ 26ന് ഏലിക്കുട്ടി (സി. എമ്മ) ഭൂജാതയായി. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1964ൽ ധർമ്മഗിരിയിൽ ചേർന്ന് ഒരു അർപ്പിത ആകുവാനുള്ള തന്റെ ആഗ്രഹം മാതാപിതാക്കളെ അറിയിക്കുകയും 1966ൽ ജീവനും ജീവിതവും ആത്മനാഥനായി സമർപ്പിച്ച് ആദ്യവ്രതവാഗ്ദാനത്തിലൂടെ നാഥന്റെ സ്വന്തമായി, സി. എമ്മ എന്ന പേര് സ്വീകരിച്ചു.

X-ray പഠനം പൂർത്തിയാക്കിയ സി. എമ്മ, കാക്കനാട്, എറണാകുളം സി കെ സി, കോതമംഗലം, എല്ലക്കൽ, കരിമണ്ണൂർ, ചെറുപുഴ, ചാത്തങ്കോട്ട്നട, മുക്കം, പുല്ലാഞ്ഞിമേട് എന്നിവിടങ്ങളിൽ എക്സറേ ടെക്നീഷ്യൻ ആയും, പ്രോകുറേറ്റർ ആയും, ഹോസ്പിറ്റൽ സെൻട്രൽ സപ്ലൈയർ ആയും സേവനമനുഷ്ഠിച്ചു.

ഔദ്യോഗികമായ ശുശ്രൂഷകൾക്കുശേഷം സി. എമ്മ പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിച്ചിരുന്ന കാലയളവിലും എപ്പോഴും ചാപ്പലിൽ ആയിരിക്കാനും, ജപമാല മണികൾ ഉരുവിടാനും പുസ്തകങ്ങൾ വായിക്കാനും ഏറെ ഇഷ്ടപ്പെട്ടിരുന്നു. 83 വർഷത്തെ ഈലോകജീവിതം ഭംഗിയായി ഓടിത്തീർത്ത് സ്വർഗ്ഗീയ സമ്മാനം സ്വീകരിക്കാനായി 2025 ഓഗസ്റ്റ് പതിനേഴാം തീയതി തന്റെ ദിവ്യനാഥന്റെ പക്കലേയ്ക്ക് യാത്രയായി. സി. എമ്മയുടെ ധന്യജീവിതത്തിന് പ്രാർഥനാമഞ്ജരികൾ.

# വിശ്വാസപരിശീലനം

### Eucharistic Circle

റൂബി ജൂബിലി ഒരുക്കമായി ആഗസ്റ്റ് 1 വെള്ളിയാഴ്ച വിശ്വാസപരിശീലകരുടെ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന താമരശ്ശേരി രൂപത, പിതാവിന്റെ നിയോഗങ്ങൾ, കുട്ടികൾ വിശ്വാസത്തിൽ ശക്തിപ്പെടുക, എന്നീ നിയോഗങ്ങൾക്കായി എല്ലാ ഇടവകകളിലും നടന്നു.

### Promoters Meet - 2025

ഈ വർഷം ഓരോ ഇടവകകളിലേക്കും പ്രമോട്ടേഴ്സ് ആയി പോകുന്ന എല്ലാ അധ്യാപകർക്കും വേണ്ടിയുള്ള സംഗമം ആഗസ്റ്റ് 9 ശനിയാഴ്ച 9.30 മുതൽ 1 വരെ താമരശ്ശേരി ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് പാറൻകുളങ്ങര ആശംസ നേർന്ന് സംസാരിച്ചു. അന്നേ ദിനം പ്രൊമോട്ടർമാർക്ക് മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

### Power Cell 7 നരിനട – വിശ്വാസപരിപോഷണ മാസം ഉദ്ഘാടനം

ആഗസ്റ്റ് 2 ന് നരിനട ഇടവകയിൽ വച്ച് Power Cell നടന്നു. ചക്കിട്ടപ്പാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട എന്നീ ഇടവകകൾ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യപിതാവ് വിശ്വാസപരിപോഷണ മാസം ഉദ്ഘാടനം ചെയ്തു. വിശ്വാസപരിപോഷണ പ്രതിജ്ഞയും, ACC 14 പാഠപുസ്തക പ്രകാശനവും നടന്നു.

### ലൂമിന 7 ചക്കിട്ടപ്പാറ

ആഗസ്റ്റ് 10 ഞായറാഴ്ച കൂരാച്ചുണ്ട് മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം ചക്കിട്ടപ്പാറ ദൈവാലയത്തിൽ വച്ച് നടന്നു. 110 യുവജനങ്ങൾ പങ്കെടുത്തു.

### Power Cell 8 വെട്ടത്തൂർ

ആഗസ്റ്റ് 11 തിങ്കളാഴ്ച വെട്ടത്തൂർ സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവിന്റെ സാന്നിധ്യം അനുഗ്രഹപ്രദമായിരുന്നു.

### ലൂമിന 8 കരുവാരക്കുണ്ട്

ആഗസ്റ്റ് 17 ന് കരുവാരക്കുണ്ട് മേഖലയുടെ ലൂമിന പ്രോഗ്രാം കരുവാരക്കുണ്ട് ഇടവകയിൽ വച്ച് നടന്നു. 65 ഓളം യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

### Power Cell 9 വലിയകൊല്ലി

ആഗസ്റ്റ് 14 വ്യാഴാഴ്ച വലിയകൊല്ലി വച്ച് നടന്ന Power Cell പ്രോഗ്രാമിൽ വലിയകൊല്ലി, കൂരോട്ടുപാറ, മഞ്ഞുമല, മഞ്ഞുവയൽ, ചെമ്പുകടവ് എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സഭയുടെ പാരമ്പര്യങ്ങളെകുറിച്ച് അധ്യാപകർക്ക് ക്ലാസ് എടുത്തു.

### ലൂമിന 9 കൂരാച്ചുണ്ട്

ആഗസ്റ്റ് 24 ഞായറാഴ്ച കൂരാച്ചുണ്ട് മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം ചക്കിട്ടപ്പാറ ദൈവാലയത്തിൽ വച്ച് നടന്നു. 110 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

### ലൂമിന 10 മാങ്കാവ്

ആഗസ്റ്റ് 28 വ്യാഴാഴ്ച പാറോപ്പടി മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം മാങ്കാവ് ദൈവാലയത്തിൽ വച്ച് നടന്നു. അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, മാങ്കാവ്, തേഞ്ഞിപ്പലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി എന്നീ ഇടവകകളിൽ നിന്ന് 125 യുവജനങ്ങൾ പങ്കെടുത്തു.

### ലൂമിന 11 മഞ്ചേരി

ആഗസ്റ്റ് 31 ഞായറാഴ്ച മലപ്പുറം മേഖലയുടെ ലൂമിന പ്രോഗ്രാം മഞ്ചേരി ദൈവാലയത്തിൽ വച്ച് നടന്നു. 85 യുവജനങ്ങൾ പങ്കെടുത്തു.

### DOMUS CAT കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർത്ഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം. ജൂലൈമാസത്തിൽ നൽകിയത്:

പാഠം 9 : മക്കളെ സ്വർഗ്ഗത്തിനായി ഒരുക്കാം

പാഠം 10 : വിശുദ്ധരെ വളർത്തിയ വിശുദ്ധ മാതാപിതാക്കൾ നൽകുന്ന 5 പാഠങ്ങൾ

പാഠം 11 : മക്കൾ പ്രാർഥനയുടെ നല്ല മാതൃകകൾ ആകുക.

### ACC 13,14,15 Online Class

ACC 13 : 'ആധ്യാത്മിക മേഖലയിലെ നൂതന പ്രവണതകൾ" എന്ന വിഷയത്തെ കുറിച്ച് ഫാ. തോമസ് പുലയൻപറമ്പിൽ, "ഞായറാഴ്ച ആചരണം" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് വെള്ളാരംകാലായിൽ എന്നിവർ ക്ലാസുകൾ എടുത്തു.

ACC 14 : 'ദൈവനാമത്തിന്റെ അർത്ഥവും പ്രാധാന്യവും" എന്ന വിഷയത്തെ കുറിച്ച് ഫാ. തോമസ് പുലയൻപറമ്പിൽ "വി.കുർബാന" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസ് അന്തീനാട്ട് ക്ലാസ്സ് എടുത്തു.

ACC 15 : "മോഷ്ടിക്കരുത്" , "കള്ളസാക്ഷ്യം പറയരുത്" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell, എന്നിവയുടെ വീഡിയോകൾ, വിശ്വാസപരിപോഷണ മാസത്തെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ സന്ദേശവും കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## Marian School

റൂബി ജൂബിലിയോടനുബന്ധിച്ച് വിശ്വാസപരിപോഷണ മാസത്തിന്റെ ഭാഗമായി Marian School പ്രോഗ്രാം ആഗസ്റ്റ് മാസത്തിൽ വിവിധ ഇടവകകളിൽ നടന്നു. മരിയൻ വിശ്വാസ സത്യങ്ങൾ ആഴത്തിൽ പഠിക്കുവാനും, ചർച്ചചെയ്യുവാനും, മരിയ ഭക്തിയിൽ വളരുവാനും, വളർത്തുവാനും സഹായകമായ പഠനവിഷയങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നും നൽകി.

Marian School 1 : ദൈവമാതൃത്വം; Marian School 2 : നിത്യകന്യക
Marian School 3 : അമലോത്ഭവം; Marian School 4 : സ്വർഗ്ഗാരോപിത

## DOMUS QUIZ 2025

റൂബി ജൂബിലിയോടനുബന്ധിച്ച് താമരശ്ശേരി രൂപതയിലെ വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർ കുട്ടികളോടൊപ്പം ഒരുമിച്ചിരുന്ന് പങ്കെടുത്ത Domus Quiz മത്സരത്തിൽ രൂപതാതല വിജയികൾ.

**ആദ്യ പത്ത് സ്ഥാനത്തിന് അർഹരായവർ**

First Prize : Shinto Jose Kappiarumalayil - Kannoth

Second Prize : Johnson George Pallickamyalil - Mukkom

Third Prize : Anliya Mezhukanal - Kannoth

(4) Bincy Praveen -Theyyappara (5) Kishor R- Kottackal

(6) Ancy Joseph - Thottumukkom (7) Binish Baby V T - Devagiri

(8) Siji Nalolickal - Pushpagiri (9) Joby Jose Nariveliputhiyedath Thiruvambady

(10) Robin Scaria Kochuparackal - Kunnamangalam

## Eucharistic Army

കഴിഞ്ഞ വിശ്വാസ പരിശീലന വർഷത്തിൽ (2024 ജൂൺ മുതൽ 2025 മെയ് വരെ) ഒരു വിശുദ്ധ കുർബാന പോലും മുടക്കാത്ത കുട്ടികളുടെ സംഗമം ആഗസ്റ്റ് 30 ന് PMOC യിൽ വച്ച് നടന്നു. 73 കുട്ടികളും അവരുടെ മാതാപിതാക്കളും പ്രോഗ്രാമിൽ പങ്കെടുത്തു.

## SEPTEMBER 2025

01-09-25 തിങ്കൾ : എട്ടുനോമ്പാരംഭം
Power Cell 11 : പൂവാറൻതോട് സെന്റർ
(കൂടരഞ്ഞി, തേക്കുംകുറ്റി, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ്)

05-09-25 വെള്ളി : കൊൽക്കത്തയിലെ വി. തെരേസ
തിരുവോണം

07-09-25 ഞായർ : ഏലിയാ ശ്ലീവാ മൂശ 1-ാം ഞായർ
പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ
ലൂമിന 12 : കൂരാച്ചുണ്ട് മേഖല-3@ കരിയാത്തുംപാറ സെന്റർ (കല്ലാനോട്, കക്കയം, കരിയാത്തുംപാറ, തലയാട്)

09-09-25 ചൊവ്വ : ഫാ. മാലിപ്പറമ്പിൽ ചരമദിനം (CML)
Power Cell 12 : പരപ്പനങ്ങാടി സെന്റർ
(തേഞ്ഞിപ്പലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി)

10-09-25 ബുധൻ : Power Cell 13: മാങ്കാവ് സെന്റർ (അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, പാറോപ്പടി, മാങ്കാവ്)

13-09-25 ശനി : വി. ജോൺ ക്രിസോസ്റ്റം

14-09-25 ഞായർ : ഏലിയാ ശ്ലീവാ മൂശ 2-ാം ഞായർ
വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
ACC 13, 14, 15 Online Class 7
ലൂമിന 13 കോടഞ്ചേരി മേഖല- 2 @ കോടഞ്ചേരി (കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കുപ്പായക്കോട്, വലിയകൊല്ലി)

18-09-25 വ്യാഴം : Power Cell 14 : പുല്ലൂരാംപാറ സെന്റർ
(പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ്)

21-09-25 ഞായർ : ഏലിയാ ശ്ലീവാ മൂശ 3-ാം ഞായർ
വി. മത്തായി ശ്ലീഹാ

ലൂമിന 14 : പെരിന്തൽമണ്ണ മേഖല – 1 @ മാലാപറമ്പ് (മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, കുറ്റിപ്പുറം, പാലൂർക്കോട്ട)

23-09-25 ചൊവ്വ : Power Cell 15 : കക്കാടംപൊയിൽ സെന്റർ (കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പഗിരി)

24. 09. 25 ബുധൻ : Power Cell 16 : കുന്ദമംഗലം സെന്റർ (കുന്ദമംഗലം, ചേവായൂർ, മാവൂർ, ദേവഗിരി, കട്ടാങ്ങൽ)

27. 09. 25 ശനി : വി. വിൻസന്റ് ഡി പോൾ

28. 09. 25 ഞായർ : ഏലിയാ ശ്ലീവാ മൂശ 4-ാം ഞായർ
മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ

**ലോഗോസ് ക്വിസ്**

ACC 13, 14, 15 Online Class 8

29. 09. 25 തിങ്കൾ : Power Cell 17 : മുക്കം സെന്റർ (തിരുവമ്പാടി, മുക്കം, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട്)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## അഭിനന്ദനങ്ങൾ

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ ജോയിൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കൂമംകുളം ഇടവകാംഗമായ ഷാനി വർഗ്ഗീസ് പുളിക്കലിന് അഭിനന്ദനങ്ങൾ

## വൈദിക ദിനം

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനു ബന്ധിച്ച് വൈദികദിനം ആഘോഷിക്കുകയും ഓരോ ശാഖയ്ക്കും പ്രാർഥിക്കാൻ കിട്ടിയ വൈദികർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു. വിവിധ തലങ്ങളിലുള്ള ഡയറക്ടർ അച്ചന്മാർക്കുവേണ്ടി പ്രാർഥിക്കു കയും പോസ്റ്റർ, സ്റ്റാറ്റസ് വീഡിയോ, യൂട്യൂബ് ലിങ്ക് എന്നിവ തയ്യാറാക്കി ആശംസകൾ നേരുകയും ചെയ്തു. അന്നേദിനം കട്ടിപ്പാറ ശാഖയും രൂപത ഭാരവാഹികളും ചേർന്ന് ഈരൂട് പ്രീസ്റ്റ് ഹോം സന്ദർശിച്ച് ബഹുമാനപ്പെട്ട വൈദികർക്ക് ആശംസകൾ നേരുകയും പ്രാർഥിക്കുകയും ചെയ്തു.

## രൂപതാ - മേഖല സാഹിത്യ മത്സരങ്ങൾ

ആഗസ്റ്റ് 9 ശനിയാഴ്ച വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് ഈ വർഷത്തെ രൂപത, മേഖല മിഷൻ സാഹിത്യമത്സരങ്ങൾ നടത്തി.

## കുഞ്ഞേട്ടൻ അനുസ്മരണവും അൽമായ നേതൃത്വദിനവും

ആഗസ്റ്റ് 10 ന് രൂപത തലത്തിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും പോസ്റ്റർ തയ്യാറാക്കി നൽകുകയും ചെയ്തു. അല്മായ നേതൃത്വദിനമായ അന്ന് വിവിധ തലങ്ങളിലെ ഭാരവാഹികളെ ആദരിക്കുകയും ആശംസ നേരുകയും ചെയ്തു. ആഗസ്റ്റ് 9ന് പാല ചെമ്മലമറ്റം ഇടവകയിൽ നടന്ന കുഞ്ഞേട്ടൻ അനുസ്മരണ ചടങ്ങിലും വി. കുർബാനയിലും പങ്കെടുക്കുകയും കബറിടം സന്ദർശിച്ച് പ്രാർഥിക്കുകയും ചെയ്തു. അന്ന് നടന്ന സംസ്ഥാന കൗൺസിലിലും, ഡയറക്ടർ വൈസ് ഡയറക്ടർ മീറ്റിംഗിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

## പരി. കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും

ആഗസ്റ്റ് 15 പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും സംയുക്തമായി ആഘോഷിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ അന്നേ ദിനം വി. കുർബാനയിൽ സംബന്ധിക്കുകയും പോസ്റ്റർ, സ്റ്റാറ്റസ് വീഡിയോ എന്നിവ തയ്യാറാക്കുകയും ചെയ്തു.

## മാർ മങ്കുഴിക്കരി ഉപന്യാസ മത്സരം സമ്മാനാർഹരായവർ

*ജൂനിയർ വിഭാഗം*

1st : മേധാ ഷൈജൻ കൊട്ടാരംകുന്നേൽ ചകിട്ടപാറ
2nd : അൽന അൽഫോൻസ കളരിക്കൽ, ദേവഗിരി
3rd : അന്ന മരിയ സാജൻ പെരുംമ്പള്ളിൽ, മൈലള്ളാംപാറ

*സീനിയർ വിഭാഗം*

1st : ആൻപ്രിയ ഷിജു തെങ്ങുംപള്ളി, പുല്ലുരാംപാറ
2nd : ജോഷ്ന ജോസഫ് മോളേക്കുന്നേൽ, കുപ്പായക്കോട്
3rd : ഷെൽബി കാഞ്ഞിരത്തിങ്കൽ,കൊണ്ടോട്ടി, വിജയികൾക്ക് അഭിനന്ദനങ്ങൾ

## അറിയിപ്പുകൾ

*ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ രൂപത കലോത്സവം:* **പ്രേഷിതം 2K25:**@ അൽഫോൻസ കോളേജ്, തിരുവമ്പാടി11-10-2025

*ചെറുപുഷ്പ മിഷൻലീഗ് & തിരുബാലസഖ്യം സംഘടനകളുടെ മേഖല കലോത്സവങ്ങൾ:*

1. താമരശ്ശേരി : സെപ്റ്റംബർ 06
2. മരുതോങ്കര : സെപ്റ്റംബർ 06
3. പാറോപ്പടി : സെപ്റ്റംബർ 13
4. കൂരാച്ചുണ്ട് : സെപ്റ്റംബർ 13
5. മലപ്പുറം : സെപ്റ്റംബർ 13
6. തോട്ടുമുക്കം : സെപ്റ്റംബർ 13
7. വിലങ്ങാട് : സെപ്റ്റംബർ 20
8. കരുവാരകുണ്ട് : സെപ്റ്റംബർ 20
9. പെരിന്തൽമണ്ണ : സെപ്റ്റംബർ 20
10. തിരുവമ്പാടി : ഒക്ടോബർ 01
11. കോടഞ്ചേരി : ഒക്ടോബർ 01

## മാലിപ്പറമ്പിൽ ക്വിസ് 2025

(ഫാ. ജോസഫ് മാലിപ്പറമ്പിൽ മെമ്മോറിയൽ ഓൺലൈൻ ക്വിസ് മത്സരം) സെപ്റ്റംബർ 7 ഞായറാഴ്ച 7 PM ന് സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന ക്വിസ് മത്സരത്തിന്റെ നിർദ്ദേശങ്ങൾ.

♦സൺഡേ സ്കൂളിൽ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാവുന്നതായിരിക്കും ♦ഗൂഗിൾ ഫോമിൽ ആയിരിക്കും ചോദ്യങ്ങൾ

നൽകപ്പെടുന്നത് ♦സെപ്റ്റംബർ 7 ഞായറാഴ്ച വൈകിട്ട് കൃത്യം 7 PM ന് ലിങ്ക് ആക്ടീവാകും ♦7 PM മുതൽ 7.30 PM വരെ ആയിരിക്കും സമയം ♦ശരിയായ ഉത്തരം തെരഞ്ഞെടുക്കാവുന്ന രീതിയിലുള്ള ചോദ്യങ്ങളായിരിക്കും ഉൾപ്പെടുത്തിയിരിക്കുന്നത് ♦പ്രേഷിതവഴിയിലെ വിജയഗാഥയിൽ നിന്നും മാലിപറമ്പിൽ അച്ചനെക്കുറിച്ചും കുഞ്ഞേട്ടനെക്കുറിച്ചുമുള്ള ചോദ്യങ്ങൾ ആയിരിക്കും ഉണ്ടാവുക ♦30 ചോദ്യങ്ങൾ ആണ് ഉള്ളത് ♦ഏറ്റവും ആദ്യം കൃത്യമായ ഉത്തരങ്ങൾ അയ്ക്കുന്നവർ ആയിരിക്കും വിജയികൾ

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ,
ചെറുപുഷ്പ മിഷൻലീഗ്-തിരുബാലസഖ്യം

# കെ.സി.വൈ.എം - എസ്.എം.വൈ.എം

**നമ്മൾ: മുൻകാല ഭാരവാഹികളുടെ സംഗമം**

താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനത്തെ വളർത്തി യെടുത്ത് 37 വർഷങ്ങൾ പിന്നിടുമ്പോൾ, നാളിതുവരെ പ്രസ്ഥാനത്തെ നയിച്ച എല്ലാ രൂപതാ മുൻകാല നേതാക്കന്മാരുടെയും, ഡയറക്ടറച്ച ന്മാരുടെയും, ആനിമേറ്റർ സിസ്റ്റേഴ്സിന്റേയും മഹാസംഗമം താമരശ്ശേരി ബിഷപ്പ്സ് ഹൗസിൽ വച്ച് ജൂലൈ 24 ന് നടത്തപ്പെട്ടു. നൂറോളം പേർ പങ്കെടുത്ത ഈ സംഗമം അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് റിച്ചാർഡ് ജോൺ ചടങ്ങിന് അധ്യക്ഷത വഹിച്ചു. മുൻ സംസ്ഥാന പ്രസിഡന്റും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ യൂത്ത് കോഡിനേറ്ററുമായ ഷിജോ ഇടയാടിൽ മുഖ്യാഥിതിയായിരുന്നു. രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ, രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ആനിമേറ്റർ സി. റൊസീൻ SABS എന്നിവരും സന്നിഹിതരായിരുന്നു.

**മേഖലാ അർദ്ധ വാർഷിക സെനറ്റുകൾ**

ജൂലൈ 27ന്മേഖലാ അർദ്ധ വാർഷിക സെനറ്റുകൾ കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം, മലപ്പുറം, പെരിന്തൽമണ്ണ, കരുവാരക്കുണ്ട് എന്നീ മേഖലകളിൽ വെച്ച് നടത്തപ്പെട്ടു. ഓഗസ്റ്റ് 3ന് വിലങ്ങാട്, മരുതോങ്കര, പാറോപ്പടി എന്നീ മേഖലകളുടെ അർദ്ധ വാർഷിക സെനറ്റുകൾ നടത്തപ്പെട്ടു.

## സ്നേഹപൂർവ്വം പൊതിച്ചോർ

ഓഗസ്റ്റ് 9ന് കെ.സി.വൈ.എം തിരുവമ്പാടി മേഖലയുടെ ആതിഥേയത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ സ്നേഹപൂർവ്വം കെ.സി.വൈ.എം പൊതിച്ചോർ വിതരണം നടത്തപ്പെട്ടു.

## സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്

ഓഗസ്റ്റ് 9-10 തീയതികളിൽ ഇരിങ്ങാലക്കുട രൂപതയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ട സംസ്ഥാന കെസിവൈഎം സമിതിയുടെ 2025 വർഷത്തിലെ 48 മത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, സിൻഡിക്കേറ്റ് അംഗം ചെൽസിയ മാത്യു, സെനറ്റ് മെമ്പർമാ രായ അലൻ ബിജു, ആഗി മരിയ ജോസഫ് എന്നിവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി ആൽബിൻ ജോസ് താമരശ്ശേരി രൂപതയുടെ റിപ്പോർട്ട് അവതരണം നടത്തി.

## രൂപത അർദ്ധ വാർഷിക സെനറ്റ്

ഓഗസ്റ്റ് 16 ന് കെ.സി.വൈ.എം-എസ്.എം. വൈ. എം താമരശ്ശേരി രൂപതയുടെ 2025 വർഷത്തെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം താമരശ്ശേരി രൂപത ആസ്ഥാനത്ത് വച്ച് നടത്തപ്പെട്ടു. കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ കൂള അർദ്ധ വാർഷിക സെനറ്റ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഈ വർഷത്തെ 'യുവ', കലാ, രചനാ മത്സരങ്ങളുടെ ലോഗോ പ്രകാശനം ചെയ്ത് കലാമത്സര ചീഫ് കോർഡിനേറ്റർ ട്രീസ മേരി, മറ്റ് കോർഡിനേറ്റർ മാരായ അബിൻ, ആഗി എന്നിവർക്ക് കൈമാറി. രൂപതയിലെ 11 മേഖലകളിൽ നിന്നായി മേഖലാ നേതാക്കന്മാർ സെനറ്റിൽ പങ്കെടുക്കുകയും മേഖലകളുടെ റിപ്പോർട്ട് അവതരണം നടത്തുകയും ചെയ്തു. രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ആൽബിൻ ജോസ് സ്വാഗതവും, ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ ആമുഖപ്രഭാഷണവും, വൈസ് പ്രസിഡന്റ് ട്രീസാ മേരി ജോസഫ് നന്ദിയും ആശംസിച്ചു. ജനറൽ സെക്രട്ടറി ആൽബിൻ ജോസ് രൂപതാ റിപ്പോർട്ട് അവതരണം നടത്തി.

## മേഖലാ തല രചനാ മത്സരങ്ങൾ

ഓഗസ്റ്റ് 17ന് മേഖലാ തല രചനാ മത്സരങ്ങൾ വിവിധ കേന്ദ്രങ്ങളിലായി നടത്തപ്പെട്ടു.

## വരും മാസത്തെ പ്രവർത്തനങ്ങൾ

ഓഗസ്റ്റ് 29, 30 ,31 : ഫോളിയ, പ്രകൃതി പഠന ക്യാമ്പ്, കക്കാടംപൊയിൽ

ഓഗസ്റ്റ് 30 മുതൽ

| | | |
|---|---|---|
| സെപ്റ്റംബർ 7 വരെ: | | വിവിധ മേഖലകളിൽ മേഖലാ കലാമത്സരങ്ങൾ നടത്തപ്പെടുന്നു. |
| സെപ്റ്റംബർ 13 | : | രൂപതാ രചനാ മത്സരം |
| സെപ്റ്റംബർ 20 | : | മീഡിയ കോൺക്ലേവ് |
| സെപ്റ്റംബർ 27 | : | രൂപതതല കലോത്സവം യുവ നടത്തപ്പെടുന്നു. |

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, KCYM-SMYM

## മദ്ബഹ ശുശ്രൂഷാസംഘം (SMART)

### ഒപ്പം

എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. ആഗസ്റ്റ് മാസത്തിൽ തലയാട്, മരുതോങ്കര, കൂമുള്ളി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

**ഫാ. ജോർജ് കുമ്പുക്കൽ**
ഡയറക്ടർ, (SMART)

## സെമിനാരി വാർത്തകൾ

### ഉപകാരി ദിനം

ഓഗസ്റ്റ് 3 ന് മൈനർ സെമിനാരിയെ പ്രാർഥന വഴിയായും സാമ്പത്തികമായും സഹായിക്കുന്ന ഉപകാരികളുടെ സംഗമം നടത്തി. 120 ഉപകാരികൾ ഈ സംഗമത്തിൽ പങ്കെടുക്കുകയുണ്ടായി. രാവിലെ അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാ ബലിയോടുകൂടി ഈ സംഗമം ആരംഭിച്ചു. പൊതുസമ്മേളനത്തിൽ അഭിവന്ദ്യ പിതാവും, ബഹുമാനപ്പെട്ട വൈദികരും, ഉപകാരികളുടെ പ്രതിനിധികളും സംസാരിച്ചു. സമാപനത്തിൽ സെമിനാരി വിദ്യാർത്ഥികളുടെവിവിധ കലാപരിപാടികൾക്കുശേഷം ഉപകാരികൾക്ക് സ്നേഹസമ്മാനം നൽകുകയും ഉച്ചഭക്ഷണത്തോടുകൂടി സംഗമം അവസാനിക്കുകയും ചെയ്തു.

### വിയാനി ഡേ

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയാ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് നവീകരിച്ച മൈനർ സെമിനാരിയുടെ വെഞ്ചിരിപ്പ് കർമ്മം ആഗസ്റ്റ് 4 ന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടക്കുകയുണ്ടായി. രൂപതാ വൈദികരുടെ കൂട്ടായ്മയും അന്നേദിനം മൈനർ സെമിനാരിയിൽ സംഘടിപ്പിച്ചു.

### സ്വാതന്ത്ര്യദിനാഘോഷവും സ്വർഗ്ഗാരോപണതിരുനാളും

ഭാരതത്തിന്റെ 79 മത്തെ സ്വാതന്ത്ര്യദിനാഘോഷവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും ആഗസ്റ്റ് 15-ാം തീയതി നടത്തപ്പെട്ടു. രാവിലെ നടന്ന ആഘോഷപൂർവ്വമായ ദിവ്യബലി അർപ്പണത്തിനുശേഷം മൈനർ സെമിനാരി റെക്ടർ ഫാ. കുര്യൻ താന്നിക്കൽ ദേശീയപതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി. അന്നേദിവസം Retired Navy Commander ശ്രീ മാത്യു പി മാത്യു ഉദ്ഘാടകനായിരുന്ന പൊതുസമ്മേളനവും സംഘടിപ്പിക്കുകയുണ്ടായി.

### ഓണപരീക്ഷ

മൈനർ സെമിനാരി വിദ്യാർഥികളുടെ ഓണപരീക്ഷകൾ ഓഗസ്റ്റ് 18 തീയതിയോടുകൂടി ആരംഭിച്ചു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

## എയ്ഡർ എഡ്യൂകെയർ

ആഗസ്റ്റ് മാസത്തിൽ പന്തല്ലൂർ, മരിയാപുരം, ചീരട്ടാമല, കോട്ടക്കൽ, തിരൂർ, ദേവഗിരി, മാവൂർ, കുന്നമംഗലം, കാട്ടാങ്കൽ, പയ്യനാട്, കൂമൻകുളം എന്നീ ഇടവകകളിൽ സന്ദർശനം നടത്തു കയും ഒമ്പതാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടിക ളെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നേരിട്ട് കണ്ട് സംസാരിക്കു കയും പ്രാഥമിക വിലയിരുത്തൽ നടത്തുകയും ചെയ്തു.

### 2. റെയ്സ് ടു ഐഎഎസ് - സ്ക്രീനിങ് ടെസ്റ്റ്

രൂപതയിലെ ആറാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾ പങ്കെടുത്ത മൂല്യനിർണയ പരീക്ഷയിൽ ആയിരത്തിലധികം കുട്ടികൾ പങ്കെടുത്തു. മതബോധന ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചുകൊണ്ട് ഓഗസ്റ്റ് 15, 17

തീയതികളിലായി നടത്തിയ പരീക്ഷയിൽ 50 ശതമാനത്തിൽ മാർക്ക് ലഭിക്കുന്ന കുട്ടികളിൽ മികച്ച മാർക്ക് ലഭിക്കുന്ന 300 കുട്ടികളെ രണ്ടാംഘട്ട സിവിൽ സർവീസ് കോച്ചി ങ്ങിലേക്ക് കൂടുതലായി പ്രമോട്ട് ചെയ്യും. ഏറ്റവും മികച്ച മാർക്ക് വാങ്ങുന്ന ഏതാനും കുട്ടികൾക്ക് ഇരുപതിനായിരം രൂപയുടെ രജിസ്ട്രേഷൻ ഫീസ് ഇളവും സമ്മാനങ്ങളും എയ്ഡർ എഡ്യുകെയർ നൽകുന്നു. കൂടാതെ റേസ് ടു ഐഎസ് ടീം നൽകുന്ന സമ്മാനങ്ങളും ഇളവുകളും ലഭിക്കുന്നതുമാണ്. ഈ പരീക്ഷയ്ക്കായി സഹകരിച്ച വികാരിയച്ചന്മാർക്കും മതാധ്യാപകർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി.

### 3. റൈസ് ടു ഐഎഎസ് – ഓറിയന്റേഷൻ വെബിനാർ

ആഗസ്റ്റ് 24 ഞായറാഴ്ച വൈകിട്ട് ഐഎഎസ് സ്ക്രീ നിംഗ് പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെയും മാതാ പിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് ഓറിയന്റേഷൻ വെബ്നാർ സംഘടിപ്പിച്ചു. സിവിൽ സർവീസിന്റെ പ്രാഥമിക ഒരുക്കം, മെത്തഡോളജി, സ്റ്റഡി മെത്തേഡ് തുടങ്ങി നിരവധി വിഷയങ്ങൾ അവതരിപ്പിച്ചു. റൈസ് ടു ഐഎഎസ് പ്രോഗ്രാമിന്റെ ഷെഡ്യൂൾ, രജിസ്ട്രേഷൻ, പ്രോസസ് എന്നിവ വിശദമായി ചർച്ചചെയ്തു സംശയനിവാരണം നടത്തി. റൈസ് ടു ഐഎഎസ് സി C H മാരായ ശ്രീ. നോയൽ, ശ്രീ. നിധിൻ എന്നിവർ നേതൃത്വം നൽകി.

### 4. ലൈഫ് ലോഞ്ച് – എൻഎൽപി ക്യാമ്പ്

ഓഗസ്റ്റ് 29 മുതൽ 31 വരെ മൂന്നുദിവസത്തെ ലൈഫ് ലോഞ്ച് എൻഎൽപി ക്യാമ്പ് എം എസ് റ്റി – സെമിനാരിയിൽ വച്ച് സംഘടി പ്പിച്ചു. മില്ലറ്റ് കൂരാച്ചുണ്ട്, സി. ഡോണ FCC, സി. സോന എഫ് FCC, സി. സജിനി DPTM എന്നിവർ നേതൃത്വം നൽകി. വെള്ളിയാഴ്ച വൈകിട്ട് 5. 30ന് എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ പരിപാടി ഉദ്ഘാടനം ചെയ്തു. സെമിനാരി ഇൻചാർജു മാരായ ഫാ.സെബാസ്റ്റ്യൻ കിഴക്കയിൽ, ഫാ. സിബി എന്നി വർ സന്നിഹിതരായിരുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 35 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്.

നിരവധി ഹീലിംഗ് സെഷനുകൾ, മോട്ടിവേഷൻ, സെൽഫ് ബ്രേക്കിംഗ് സെഷനുകൾ, കോൺഫിഡൻസ് ബിൽഡിംഗ്, പ്രോബ്ലം സോൾവിങ്, കൗൺസിലിംഗ്, കുമ്പസാരം, ദിവ്യകാരുണ്യ ആരാധന, നിരവധി ആക്ടിവിറ്റികൾ എന്നിവ ഉൾപ്പെടുന്നതായിരുന്നു ക്യാമ്പ്. പഠനസംബന്ധമായും ജീവിത സംബന്ധമായും കുട്ടികൾ അനുഭവിക്കുന്ന വിവിധ തടസങ്ങൾ മറികടക്കാൻ നിരവധി ഗ്രൂപ്പ് തെറാപ്പികളും ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. ഞായറാഴ്ച വൈകിട്ട് മൂന്നുമണിക്ക് സമാപിച്ച ക്യാമ്പിൽ കുട്ടികളുടെ മാതാപിതാക്കന്മാർക്ക്

വേണ്ടി ഒന്നര മണിക്കൂർ സെക്ഷൻ സംഘടിപ്പിക്കുകയും ചെയ്തു. സി. സ്നേഹ CMC, സി. ക്രിസ്റ്റീന MSMI, സി. റീന FCC, സി. ടിസ്സി SH, സി. ജിസ്‌ലെറ്റ് MSJ, സി. ആൻസ് SABS എന്നിവർ നേതൃത്വം നൽകി.

### അറിയിപ്പ്

*റെയ്സ് ടു ഐഎഎസ് രജിസ്ട്രേഷൻ:* ഐഎഎസ്, സിവിൽ സർവീസ് താൽപര്യങ്ങൾ ഉള്ള കുട്ടികൾക്ക് 60 മണിക്കൂറിന്റെ ക്ലാസുകളും, സ്റ്റഡി പോർട്ടലുകളും, സ്റ്റഡി മെറ്റീരിയലുകളും നൽകുകയും സിവിൽ സർവീസ് പരീക്ഷയിലെ പ്രലിംസ്, മെയിൻസ് ഇന്റർവ്യൂ എന്നീ മൂന്ന് ഘട്ടങ്ങളിലൂടെ കുട്ടികളെ കടത്തിവിടുകയും ചെയ്യുന്ന റൈസ് ടു ഐഎഎസ് പ്രൊജക്റ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. 2990 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ബാച്ചിന്റെ പ്രവേശനം സെപ്റ്റംബർ അഞ്ചിന് മുമ്പ് അവസാനിക്കുന്നതാണ്.

**ഫാ. ജോർജ് വെള്ളക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

## വിദ്യാഭ്യാസരംഗം

### പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം 04/07/2025 വെള്ളിയാഴ്ച രൂപതാഭവൻ ഓഡിറ്റോറിയത്തിൽ ചേർന്നു. കോർപ്പറേറ്റ് മാനേജ്മെന്റിനുകീഴിലുള്ള മുഴുവൻ പ്രിൻസിപ്പാൾമാരും ഹെഡ്മാസ്റ്റർമാരും പങ്കെടുത്ത യോഗം അഭിവന്ദ്യ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഈ വർഷം പുതിയതായി ചുമതലയേറ്റ പ്രധാനധ്യാപകരെ അഭിവന്ദ്യ പിതാവ് പ്രത്യേകം സ്വാഗതം ചെയ്തു. കോർപ്പറേറ്റുതലത്തിൽ കഴിഞ്ഞവർഷം നടത്തിയ വേദപാഠ-സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷാവിജയികൾക്കുള്ള ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് പ്രധാനധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

### അൽഫോൻസ ദിനാചരണം

രൂപതയുടെയും കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുന്നാൾ ജൂലൈ 28 തിങ്കളാഴ്ച എല്ലാ കോർപ്പറേറ്റ് വിദ്യാലയങ്ങളിലും സമുചിതമായി കൊണ്ടാടി.

ഇതിന്റെ ഭാഗമായി കലാപരിപാടികൾ, സ്കിറ്റ്, സാഹിത്യ-കലാമത്സരങ്ങൾ, മധുരപലഹാരവിതരണം എന്നിവ സംഘടിപ്പിച്ചു. നിർധനരായ വിദ്യാർത്ഥികളുടെ ചികിത്സാസഹായ ഫണ്ടായ സ്നേഹനിധി സമാഹരണവും നടത്തപ്പെട്ടു.

**നവീകരിച്ച സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം**

ആധുനിക സൗകര്യങ്ങളോടെ മനോഹരമായി രൂപകല്പന ചെയ്ത് നവീകരിച്ച വിളക്കാംതോട് എം.എ.എം. എൽ.പി. & യു.പി. സ്കൂൾ, നെന്മേനി വിദ്യാജ്യോതി യു.പി. സ്കൂൾ എന്നിവയുടെ കെട്ടിടങ്ങൾ അഭിവന്ദ്യ മാർ റെമിജീയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ്, ബഹു. മാനേജരച്ചന്മാർ, പ്രധാനധ്യാപകർ, ജനപ്രതിനിധികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

**ടാലൻഷിയ മെഗാ ക്വിസ് മത്സരം**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നടത്തുന്ന ഇന്റർ സ്കൂൾ മെഗാ ക്വിസ് പരിപാടിയായ ടാലൻഷിയ 2.0 മേഖലാമത്സരങ്ങൾ 06/08/2025 ന് മരുതോങ്കര, കൂരാച്ചുണ്ട്, കോടഞ്ചേരി, തിരുവമ്പാടി മേഖലാകേന്ദ്രങ്ങളിൽവെച്ച് നടക്കുകയുണ്ടായി. വൻജനപങ്കാളിത്തത്തോടെ നടത്തപ്പെട്ട ഈ മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ സമ്മാനിക്കപ്പെട്ടു. ഗ്രാന്റ് ഫിനാലെ മത്സരങ്ങൾ സെപ്റ്റംബർ 16, 17 തീയതികളിൽ തിരുവമ്പാടി അൽഫോൻസ കോളേജിൽവെച്ച് നടക്കും. പ്രധാനധ്യാപകരും അധ്യാപകരും അടങ്ങുന്ന കോർകമ്മിറ്റിയാണ് ടാലൻഷിയ പ്രോഗ്രാമിന് ചുക്കാൻ പിടിക്കുന്നത്.

**ആദരാഞ്ജലികൾ**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ദീർഘകാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിൽ ആയിരുന്ന ശ്രീമതി മേരി എം.റ്റി. (റിട്ട. ടീച്ചർ, തിരുവമ്പാടി യു.പി. സ്കൂൾ), ശ്രീ. മാത്യു കെ.എം. (റിട്ട. ഹെഡ്മാസ്റ്റർ, പന്തല്ലൂർ എൽ.പി. സ്കൂൾ), ശ്രീമതി മോളി സെബാസ്റ്റ്യൻ (റിട്ട. ടീച്ചർ, മരുതോങ്കര ഹൈസ്കൂൾ), ശ്രീ. എ. വി. തോമസ് (റിട്ട. ടീച്ചർ, തിരുവമ്പാടി ഹൈസ്കൂൾ), സി. അന്ന കെ.സി (സി. റെജീസ് മേരി സി.എം.സി, റിട്ട. ടീച്ചർ, കൂടരഞ്ഞി സ്കൂൾ) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ഈ അധ്യാപക ശ്രേഷ്ഠരെ പ്രാർഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗ്ഗീസ്**
കോർപ്പറേറ്റ് മാനേജർ

# ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി, ഡയറക്ടർ ഫാ. കുര്യൻ പുരമടത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിംഗും കൗൺസിലിംഗ് ക്ലാസുകളും ഓഫ് ലൈൻ ആയും ഓൺ ലൈൻ ആയും നടക്കുന്നു. വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരിമുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ ലഭ്യമാണ്. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു. കൗൺസിലിംഗിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവം ജെപിഐയിൽ ലഭ്യമാണ്.

### കോഴ്സുകൾ

1. എം എസ്സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺ ലൈൻ) മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2025 - 2027 ബാച്ച് (ഓഫ് ലൈൻ/ ഓൺ ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

### കൗൺസലിംഗ് സൈക്കോളജി ഏഴാമത് ബാച്ച് ഉദ്ഘാടനം

എം എസ് സി കൗൺസലിംഗ് സൈക്കോളജി ഏഴാമത് ബാച്ചിന്റെ കോഴ്സ് താമരശ്ശേരി രൂപത ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ബിറ്റിയു യൂണിവേഴ്സിറ്റി ഡയറക്ടർ ഡോ. അമിത് യാദവ്, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. കുര്യൻ പുരമഠം, ഫാ. തോമസ് പാറൻകുളങ്ങര, ശാലിനി ജോസ്, ജിഷ ജേക്കബ്, വിപിൻ ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

## സ്റ്റാർട്ട് അക്കാദമിയിൽ 2025-26 അധ്യയന വർഷത്തിന് തുടക്കം

2025 ഓഗസ്റ്റ് 2-ന് ശനിയാഴ്ച താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് (സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്) അക്കാദമിയുടെ 2025 - 26 അധ്യയന വർഷത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചു. പൊതുസമ്മേളനം താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ദീപം തെളിയിച്ച് നിർവഹിച്ചു.

സമ്മേളനത്തിൽ സ്റ്റാർട്ട് ഡയറക്ടർ ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആത്മവിശ്വാസം, വ്യക്തിത്വവികസനം, ആത്മാന്വേ ഷണം, ഭാവി പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിൽ ചിന്തകൾ പങ്കുവെച്ചു. പരീക്ഷകളിൽ ഉന്നതവിജയം നേടിയ ക്രിസ്റ്റോ എം. ഷാജി, എഞ്ചൽ മരിയ അജു, ഐറിൻ മരിയ എലിസബത്ത്, വിഷ്ണുമായ, ജോയൽ മനോജ്, ജോസിൻ ജെയിംസ്, ആന്റോണിയോ ജോസഫ് എന്നിവർ ചടങ്ങിൽ പ്രത്യേകമായി ആദരിക്കപ്പെട്ടു. അതോ ടൊപ്പം AI & Python കോഴ്സിന്റെ നാലാം പതിപ്പും ബിഷപ്പിന്റെ സാന്നിധ്യത്തിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു. ചടങ്ങിൽ ഫാ. ഷെറിൻ പുത്തൻപുരക്കൽ, ഫാ. സിബി കുഴിവേലിൽ, സിസ്റ്റേഴ്സ്, കുട്ടികളുടെ മാതാപിതാക്കൾ എന്നിവർ പങ്കെടുത്തു.

## യൂറെക്ക മൊമെന്റ് മിനി മാസ്റ്റർ ക്യാംപ് 2025

STARTന്റ നേതൃത്വത്തിൽ 'യൂറെക്ക മൊമെന്റ് മിനി മാസ്റ്റർ ക്യാംപ്' സെപ്റ്റംബർ 1, 2, 3 തീയതികളിൽ സ്റ്റാർട്ട് ക്യാമ്പസിൽ വച്ച് നടത്തപ്പെടുന്നു. ജൂനിയർ വിഭാഗം: 5 മുതൽ 8 വരെ ക്ലാസുകൾ, സീനിയർ വിഭാഗം: 9 മുതൽ 12 വരെ ക്ലാസുകൾ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 വിദ്യാർത്ഥികൾക്ക് മാത്രമേ പങ്കെടുക്കാനുള്ള അവസരം ലഭ്യമാകൂ.

### ക്യാമ്പിലെ പ്രധാന പഠന വിഷയങ്ങൾ:

(1) ഫലപ്രദമായ പഠനരീതികൾ (2) സൈബർ സുരക്ഷ ബോധവൽ ക്കരണം (3) ലഹരി വിരുദ്ധ ബോധവൽക്കരണം (4) ആത്മവിശ്വാ സവും സ്വയം തിരിച്ചറിയലും (5) നേതൃത്വപരിശീലനം (6) ആശയ വിനിമയ നൈപുണ്യം (7) വ്യക്തിത്വവികസനം. രജിസ്റ്റർ ചെയ്യാനു മുള്ള ലിങ്ക്: https://www.startindia.org/online

### സ്റ്റാർട്ട് AI & Python കോഴ്സ് നാലാം പതിപ്പ്

സ്റ്റാർട്ട് അക്കാദമിയുടെ AI & Python കോഴ്സിന്റെ നാലാം പതിപ്പ് ആരംഭിച്ചിരിക്കുന്നു. ഓരോ മാസവും ആദ്യ ശനിയാഴ്ച പുതിയ അഡ്മിഷനുകൾ സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാനുമുള്ള ലിങ്ക്, https://www.startindia.org/online, 0495-2357843, 9037107843, 9744458111, Web: www.startindia.org | Email: startcalicut22@gmail.com

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**

ഡയറക്ടർ, സ്റ്റാർട്ട

## കരുണാഭവൻ

പുതുതായി രണ്ട് അന്തേവാസികൾ കൂടി എത്തിച്ചേർന്നു. എല്ലാ ദിവസവും വിവിധ ഇടവകകളിൽനിന്നും സംഘടനകളിൽനിന്നും ആളുകൾ വന്ന് അന്തേവാസികളോടൊപ്പം സമയം ചെലവഴിക്കുകയും സഹായ സഹകരണങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. പരി. മാതാവിന്റെ സ്വർഗ്ഗാരോപണം ആചരിക്കുകയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശീയപാതാക ഉയർത്തുകയും സന്തോഷസൂചകമായി മധുരം വിതരണം ചെയ്തു. കരുണാഭവനെ സാമ്പത്തികമായും പ്രാർഥനയാലും ശുശ്രൂഷകളാലും സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ: കരുണാഭവൻ

## കത്തോലിക്ക കോൺഗ്രസ്

### സൗരവേലി വഞ്ചനയ്ക്കെതിരെ സാരിവേലി സമരം

താമരശ്ശേരി രൂപതയിലെ കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിലും വിവിധ സംഘടനകളുടെ നേതൃത്വത്തിലും മലയോര മേഖലകളിലെ രൂക്ഷമായ വന്യമൃഗശല്യത്തിനും മനുഷ്യാവ കാശ ലംഘനത്തിനും എതിരെ ഞങ്ങൾക്കും ഇവിടെ ജീവിക്കണം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പെരുവണ്ണാമൂഴി, താമരശ്ശേരി, നിലമ്പൂർ ഫോറസ്റ്റ് റെയിഞ്ച് ഓഫീസുകളിലേക്ക് നടന്ന കർഷക അതിജീവന റാലിയും സാരിവേലി സമരവും നടന്നു.

സാരിവേലി സമരത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം താമരശ്ശേരി റെയിഞ്ച് ഓഫീസിന് മുമ്പിൽ വെച്ച് നടന്ന ധർണയിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. തിരുവമ്പാടി, പാറോപ്പടി, കോടഞ്ചേരി, താമരശ്ശേരി മേഖലകളിൽ നിന്ന് ഒഴുകിയെത്തിയ ആയിരങ്ങൾ പങ്കെടുത്ത റാലിയും ധർണ്ണയും സർക്കാരിനും വനം വകുപ്പിനും താക്കീതായി മാറി. കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ അധ്യക്ഷത വഹിച്ചു. കോടഞ്ചേരി ഫൊറോന പ്രസിഡണ്ട് ശ്രീ ജോസഫ് ആലവേലിൽ പ്രമേയം അവതരിപ്പിച്ചു. കട്ടിപ്പാറ ഇടവക വികാരി ഫാ. മിൽട്ടൺ മുളങ്ങാശ്ശേരിയിൽ പ്രതിജ്ഞ ചൊല്ലി കൊടുത്തു. രൂപത ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ സംഘാടക സമിതി ഭാരവാഹികളായ ഷിനോയി അടയ്ക്കാപാറ, ജോബിഷ് തുണ്ടത്തിൽ, ജോസഫ് പുലക്കുടിയിൽ, വിൻസന്റ് പൊട്ടനാനിക്കൽ, രാജു മംഗലശ്ശേരി ഫൊറോന ഡയറക്ടർമാരായ ഫാ. കുര്യാക്കോസ് ഐകൊളമ്പിൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ഫാ. തോമസ് നാഗപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

മരുതോങ്കര, കൂരാച്ചുണ്ട് ഫൊറോനകളുടെ നേതൃത്വത്തിൽ പെരുവണ്ണാമൂഴി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിന് മുമ്പിൽവെച്ച് നടന്ന റാലിയിലും ധർണയിലും ആയിരങ്ങൾ പങ്കെടുത്തു. മരുതോങ്കര മേഖല പ്രസിഡണ്ട് ശ്രീ ജോഷി കറുകുമാലിൽ സ്വാഗതം പറഞ്ഞു. മോൺ. അബ്രഹാം വയലിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ബെന്നി മുണ്ടനാട്ട്, കത്തോലിക്കാ കോൺഗ്രസ് രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, ഫാ. റെജി വള്ളോപള്ളി, ഫാ. ആന്റോ മൂലയിൽ, ഫാ. ഡൊമിനിക്ക് മുട്ടത്തുകൂടിയിൽ, ഫാ. ജിനോ ചുണ്ടയിൽ, ഫാ. ജോസഫ് പാലക്കാട്ട്, ജോസ് ചെറുവള്ളി, മനോജ് മറ്റപ്പള്ളി, സണ്ണി എമ്പ്രയിൽ, ജോൺസൺ കക്കയം എന്നിവർ പ്രസംഗിച്ചു.

താമരശ്ശേരി രൂപതയിലെ സാരിവേലി സമരത്തിന്റെ മൂന്നാം ഘട്ടം നിലമ്പൂർ ഫോറസ്റ്റ് റേഞ്ച് ഓഫീസിന് മുമ്പിൽ നടന്നു. തോട്ടുമുക്കം, പെരിന്തൽമണ്ണ മരിയപുരം, മലപ്പുറം, കരുവാരകുണ്ട് മേഖലയിൽ നിന്നായി ആയിരങ്ങൾ പങ്കെടുത്തു. കൂടാതെ മാനന്തവാടി രൂപതയിലെ നിലമ്പൂർ മണിമൂളി ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. സംഘാടകസമിതി ചെയർമാൻ സാബു വടക്കേപ്പടവിൽ സ്വാഗതം ആശംസിച്ചു. പെരിന്തൽമണ്ണ - മരിയാപുരം ഫൊറോന വികാരി ഫാ. ജിൽസ് കാരിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. ശ്രീ ജെയിംസ് തൊട്ടിയിൽ പ്രമേയം അവതരിപ്പിച്ചു. രൂപത ജന. സെക്രട്ടറി

ഷാജി കണ്ടത്തിൽ പ്രതിജ്ഞ ചൊല്ലി കൊടുത്തു. ഫാ. സണ്ണി കളപ്പുരക്കൽ ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് എന്നിവർ സാരിവേലി സ്ഥാപനം നിർവഹിച്ചു. ഗ്ലോബൽ വൈസ് പ്രസിഡണ്ട് ട്രീസ ലിസ് സെബാസ്റ്റ്യൻ, ഫാ. ആന്റണി ചെന്നിക്കര, ഫാ. സെബാസ്റ്റ്യൻ പുത്തേൽ, ആന്റണി ആലക്കൽ, അപ്പച്ചൻ തെക്കുംതോട്ടം എന്നിവർ പ്രസംഗിച്ചു. ജനറൽ കൺവീനർ വർഗീസ് കണ്ണാത്ത് എല്ലാവർക്കും നന്ദി പറഞ്ഞു. സാരിവേലി സമരം വിജയിപ്പിക്കുന്നതിന് പ്രധാന പങ്കുവഹിച്ച ഫൊറോനയിലേയും ഇടവകകളിലെയും വികാരിയച്ച ന്മാർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. സാരിവേലി സമരത്തെ തുടർന്ന് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ മലയോര ജനതയുടെ പ്രതിസന്ധികൾ പഠന വിഷയമാക്കുന്നതിന് കത്തോലിക്ക കോൺഗ്രസിൽ നിന്ന് റിപ്പോർട്ട് തേടുകയും, വിശദമായ റിപ്പോർട്ട് നൽകുകയും ചെയ്തു.

### പ്രതിഷേധ ജ്വാല നടത്തി

ഛത്തീസ്ഗഡിൽ ദുർഗ്ഗ റെയിൽവേ സ്റ്റേഷനിൽ രണ്ട് കന്യാസ്ത്രീകളെ മനുഷ്യാവകാശത്തിന്റെ സകല സീമകളും ലംഘിച്ചു കൊണ്ട് നിയമവിരുദ്ധമായി ചത്തീസ്ഗഡ് പോലീസ് അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ജൂലായ് 30 ന് താമരശ്ശേരി രൂപതയിലെ മുഴുവൻ യൂണിറ്റുകളിലും മറ്റ് ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതിയുടെ ആഹ്വാനപ്രകാരം പ്രതിഷേധ ജ്വാല, റാലി, പന്തംകൊളുത്തി പ്രകടനം എന്നിവ സംഘടിപ്പിച്ചു. കോടഞ്ചേരി യിലെ സമ്മേളനം രൂപത പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ ഉദ്ഘാ ടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ശ്രീ ഷാജി കണ്ടത്തിൽ പ്രമേയം അവതരിപ്പിച്ചു. രൂപതയിലെ മുഴുവൻ ഇടവകകളിലും ഈ പ്രതിഷേധജ്വാല വിജയിപ്പിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് വികാരിയ ച്ചന്മാർക്കും കത്തോലിക്ക കോൺഗ്രസ് നേതാക്കൾക്കും നന്ദി അറിയിക്കുന്നു.

### ബേബി പെരുമാലിൽ കർഷക അവാർഡ്

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറിയും താമരശ്ശേരി രൂപതയുടെ മുൻ പ്രസിഡണ്ടും മാധ്യമപ്രവർത്തകനും ആയിരുന്ന അന്തരിച്ച ബേബി പെരുമാലിയുടെ സ്മരണയ്ക്കുവേണ്ടി തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന പള്ളി ഏർപ്പെടുത്തിയ കർഷക അവാർഡ് വിതരണം ചെയ്തു. പുല്ലൂരാംപാറ, കണ്ടത്തിൻ തൊടുകയിൽ സിജോ ജോസഫ് ആണ് ഇത്തവണ അവാർഡിന് അർഹനായത്. 20001 രൂപയും പ്രശസ്തിപത്രവും അടങ്ങിയ അവാർഡ് താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കൈമാറി. തിരുവമ്പാടി പാരീഷ് ഹാളിൽ നടന്ന ചടങ്ങിൽ ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ അധ്യക്ഷത വഹിച്ചു.

## കോടഞ്ചേരി, പാറോപ്പടി ഫൊറോനകളിൽ യൂത്ത് കൗൺസിൽ ഫൊറോന കമ്മിറ്റി രൂപീകരിച്ചു

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത യൂത്ത് കൗൺ സിൽ ഭാരവാഹികളുടെ നേതൃത്വത്തിൽ കോടഞ്ചേരി, പാറോപ്പടി ഫൊറോനകളിൽ യൂത്ത് കൗൺസിലിന്റെ ഫൊറോന സമിതി രൂപീകരിച്ചു.

### ദശദിന കാരുണ്യോത്സവം (YOUTH WALK)

അഗതികളുടെ അമ്മയായ വി. മദർ തെരേസയുടെ നിസ്വാർത്ഥ സേവനത്തിന്റെ മാതൃക ഉൾക്കൊണ്ട് കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ വി. മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26 മുതൽ തിരുനാൾ ദിനമായ സെപ്റ്റംബർ 5 വരെ ക്രൈസ്തവ സമുദായം നടത്തുന്ന ജീവകാരുണ്യ സ്ഥാപനങ്ങൾ സന്ദർശിച്ചു സഹായം നൽകുന്നു.

താമസ്കരിക്കപെടുന്ന കാരുണ്യപ്രവർത്തികളെ അംഗീകരിക്കു വാനും പ്രതിസന്ധിയിൽ കൂടെ നിൽക്കുവാനുമുള്ള കത്തോലിക്ക കോൺഗ്രസിന്റെ ഈ ഉദ്യമത്തിന് നേതൃത്വം കൊടുക്കുന്നത് താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ആണ്. ഈ ദശദിന കാരുണ്യോത്സവത്തിൽ 14 സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായം നൽകുകയും ആദരിക്കുകയും ചെയ്യുന്നു. മദർ തെരേസയോടൊപ്പമുള്ള ഈ യാത്രയുടെ ഔദ്യോഗിക ഉദ്ഘാടനം ആഗസ്റ്റ് 24 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് കോഴിക്കോടുള്ള ഹോം ഓഫ് ലൗവ് - ൽ വെച്ച് നടന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ,
കത്തോലിക്ക കോൺഗ്രസ്

## മരിയൻ പ്രോലൈഫ് മൂവ്മെന്റ്

18-7-2025 ന് പുല്ലൂരാംപാറ പാരിഷ് ഹാളിൽ വച്ച് മുത്തപ്പൻ പുഴ, കരിമ്പ്, പുല്ലൂരാംപാറ, തിരുവമ്പാടി എന്നി ഇടവകകളിലെ വലിയ കുടുംബങ്ങളുടെ സംഗമം നടത്തപ്പെട്ടു. ഈ മീറ്റിംഗിൽ വെച്ച് പുല്ലൂരാംപാറ എക്സിക്യൂട്ടീവ് മെമ്പേഴ്സിനെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് : സ്റ്റാൻലി പ്ലാമ്പറമ്പിൽ, പുല്ലൂരാംപാറ.

വൈസ് പ്രസിഡണ്ട് : സലോമി കോയിപ്പുറം, പുല്ലൂരാംപാറ.
സെക്രട്ടറി : പ്രിൻസ് താളനാനി, പുല്ലൂരാംപാറ.
ജോയിൻ സെക്രട്ടറി : ബിൻസി കളത്തൂർ, പുല്ലൂരാംപാറ.
ട്രഷറർ : ജിജോ ചക്കുംമൂട്ടിൽ, ആനക്കാംപൊയിൽ
എക്സിക്യൂട്ടീവ് മെമ്പർ: ലിസി കൂട്ടുങ്കൽ, കരിമ്പ്

### പെരിന്തൽമണ്ണ ഫൊറോന സംഗമം

19-09-2025 ന് പെരിന്തൽമണ്ണ ഫൊറോന പാരിഷ് ഹാളിൽ വച്ച്, പെരിന്തൽമണ്ണ ഫൊറോനയിൽപ്പെട്ട എല്ലാ ഇടവകകളിലെയും വലിയ കുടുംബങ്ങളുടെ സംഗമം നടത്തപ്പെടുന്നു. ഈ ഫൊറോ നയിൽപ്പെട്ട എല്ലാ ഇടവകയിലെയും വലിയ കുടുംബങ്ങളെ ഈ സംഗമത്തിലേക്ക് പറഞ്ഞയക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## യൂദിത്ത് ഫോറം

### യൂദിത്ത് ഫോറം മരുതോങ്കര ഫൊറോന സംഗമം നടത്തി

താമരശ്ശേരി രൂപത യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മരുതോങ്കര മേഖല സംഗമം ജൂലൈ 26ന് നടത്തി. രൂപത ഡയറക്ടർ ഫാ. ജോസഫ് പെണ്ണാപറമ്പിൽ അധ്യക്ഷം വഹിച്ച സമ്മേളനം മരുതോങ്കര ഫൊറോന വികാരി ഫാ. ആന്റോ മൂലയിൽ ഉദ്ഘാടനം ചെയ്തു.

അസിസ്റ്റന്റ് വികാരി ഫാ. മനു കുറൂർ, രൂപത ആനിമേറ്റർ സി. റെനി ജോസ് CMC, യൂദിത്ത് ഫോറം കോഡിനേറ്റർ സി. ജാൻസി മരിയ FCC, കോർഡിനേറ്റർ സി. ജിഷ MSMI, സി. മെൽവിൻ SABS എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പശുക്കടവ് യൂണിറ്റ് അംഗങ്ങൾ പ്രാർഥനാഗാനം ആലപിച്ചു. പോയിലോംചാൽ ഇടവക അംഗം ശ്രീമതി കാതറിൻ കവിതാലാപനം നടത്തി. സമ്മേളനത്തിനു ശേഷം രൂപത ആനിമേറ്റർ സി. റെനി ജോസ് CMC ക്ലാസ് നൽകി. തുടർന്ന് കുമ്പസാരവും ആവശ്യമുള്ള വർക്ക് കൗൺസിലിംഗ് നടത്തി. സി. മരിയ ഗ്രേസ് CMC, സി. ജാൻസി മരിയ, സി. ജിഷ, സി. മെൽവിൻ എന്നിവർ കൗൺസിലിങ്ങിനും ക്ലാസിനും നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 67 അമ്മമാർ പങ്കെടുത്തു. തുടർന്ന് മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു.

### മേഖല ഭാരവാഹികൾ

മേഖല ആനിമേറ്റർ : സി. റാണിറ്റ SH
പ്രസിഡന്റ് : മോളി കോങ്ങാട്ട്
വൈ. പ്രസിഡന്റ് : ലൈസ ഓലമണ്ണാ

സെക്രട്ടറി : ഡെയ്സി പുത്തൻപുരയ്ക്കൽ
കമ്മറ്റി അംഗങ്ങൾ : മേരി മുള്ളമടക്കൽ, മോളി പുതുശ്ശേരിയിൽ, റോസമ്മ വടക്കുംതറ

## കെസിബിസി യൂദിത്ത്-നവോമി ഫോറം സംസ്ഥാന സമ്മേളനം

കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 16ന് പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് നടത്തിയ വിധവകളുടെ സംഘടനയായ യൂദിത്ത് നവോമി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിധവാ സംഗമത്തിൽ രൂപത യൂദിത്ത് ഫോറം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, സി. റെനി ജോസ് സിഎംസി, മേരി പൗലോസ്, പ്രസന്ന അഴകത്ത് എന്നിവർ സംബന്ധിച്ചു.

## തോട്ടുമുക്കം മേഖല: തീർത്ഥയാത്ര

വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാളിനോടനുബന്ധിച്ചുള്ള നവനാളിലും വി. ബലിയിലും പങ്കെടുത്ത് അനുഗ്രഹങ്ങൾ സ്വന്ത മാക്കുവാൻ തോട്ടുമുക്കം മേഖലയിലെ യൂദിത്ത് ഫോറം അംഗങ്ങൾ ഒരുമിച്ച് ഒല്ലൂർക്ക് ആഗസ്റ്റ് 20ന് തീർത്ഥയാത്ര നടത്തി. തോട്ടുമുക്കം, മരംഞ്ചാട്ടി, കോനൂർകണ്ടി, പീടികപാറ, കക്കാടംപൊയിൽ എന്നീ ഇടവകകളിൽ നിന്നായി 33 അംഗങ്ങൾ ഈ തീർത്ഥയാത്രയിൽ പങ്കെടുത്തു. സിഎംസി പ്രൊവിൻഷ്യൽ കൗൺസിലർ സി. സെലിൻ ജോസ് സിഎംസി, രൂപത ആനിമേറ്റർ റെനി ജോസ്, ആനിമേറ്റേഴ്സ് ആയ സി. ഗീത സിഎംസി, സി. എൽസി എസ് എച്ച്, സി. ട്രീസ ജോസ് എന്നിവർ തീർത്ഥയാത്രയ്ക്ക് നേതൃത്വം നൽകി.

## താമരശ്ശേരി ഫൊറോനാ സംഗമം

യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ താമരശ്ശേരി ഫൊറോനാ സംഗമം നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷ നായ സമ്മേളനത്തിൽ ഫൊറോനാ വികാരി ഫാ. തോമസ് ചിലമ്പികുന്നേൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സി. മെൽവിൻ SABS ഏവരേയും സ്വാഗതം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീമതി മേരി പൗലോസ്, രൂപത ആനിമേറ്റർ സി. റെനി ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു. കോഡിനേറ്റർ സി. ജോസ്മി SH യോഗത്തിന് ആശംസകളർപ്പിച്ച് സംസാരിച്ചു. വിധവകളായ അമ്മമാർക്ക് കുമ്പസാരിക്കുന്നതിനും കൗൺസിലിങ്ങിനും അവസരം ഉണ്ടായി രുന്നു. താമരശ്ശേരി ഫൊറോനയിലെ 4 ഇടവകകളിൽ നിന്നായി 30 അമ്മമാർ സമ്മേളനത്തിൽ പങ്കെടുത്തു. താമരശ്ശേരി രൂപതയിലെ വിവിധ സന്യാസിനിഭവനങ്ങളിൽ നിന്നുള്ള സഹോദരിമാരാണ് സമ്മേളനത്തിന് നേതൃത്വം നൽകിയത്.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ,
മരിയൻ പ്രോലൈഫ് മൂവ്മെന്റ്, യൂദിത്ത് ഫോറം

# ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു'
(1 പത്രോ 2, 24)

## അഖണ്ഡ ജപമാല സമർപ്പണം

ബഥാനിയായിലെ അഖണ്ഡ ജപമാല സമർപ്പണം ഏറ്റവും ഭക്തിസാന്ദ്രമായി നടത്തപ്പെടുന്നു. പല ഇടവകകളിൽ നിന്നായി രാവും പകലും വിശ്വാസികൾ ബഥാനിയായിൽ എത്തുകയും പ്രാർഥിച്ചു മടങ്ങുകയും ചെയ്യുന്നു. അഖണ്ഡ ജപമാല സമർപ്പണത്തിന്റെ ഇരുപത്തഞ്ചാം വർഷമാണ് എന്ന പ്രത്യേകതയും ഇത്തവണയുണ്ട്.

## ജീവിതനവീകരണ ധ്യാനം

ആഗസ്റ്റ് മാസം 8 മുതൽ 11 വരെയും 22 മുതൽ 25 വരെയും തീയതികളിലായി ബഥാനിയായിൽ രണ്ട് ജീവിതനവീകരണം ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനത്തിൽ അനേകം ആളുകൾ പങ്കെടുക്കു കയും ദൈവാനുഭവത്തോടെ മടങ്ങുകയും ചെയ്തു.

## ആദ്യവെള്ളി കൺവെൻഷൻ

ആഗസ്റ്റ് മാസം ഒന്നാം തീയതി ആദ്യവെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ഏകദിന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## ഏകദിന കൺവെൻഷൻ

ആഗസ്റ്റ് മാസം എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺ വെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്ത വർക്കെല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി.

## വി. കുർബാനയും കുമ്പസാരവും

അഖണ്ഡ ജപമാല ദിവസങ്ങളിൽ ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും മൂന്ന് വിശുദ്ധ കുർബാനകൾ , രാവിലെ 6.00 നും ഉച്ചയ്ക്ക് 12.00 നും വൈകുന്നേരം

7:00 നും ബഥാനിയായിൽ ഒരുക്കപ്പെടുന്നു. എല്ലാ ദിവസവും കുമ്പസാരത്തിനുള്ള അവസരം ഉണ്ട്.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥപ്രാർഥന നടത്ത പ്പെടുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷ കരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

### സെപ്റ്റംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 1 | തിങ്കൾ | : എട്ടുനോമ്പ് ആരംഭം |
| 4 | വ്യാഴം | : അഖണ്ഡ ജപമാല സമർപ്പണം അമ്പതാം ദിവസം |
| 5 | ആദ്യവെള്ളി | : ഏകദിന കൺവെൻഷൻ |
| 8 | തിങ്കൾ | : പരിശുദ്ധ മാതാവിന്റെ ജനനതിരുനാൾ |
| 12 | വെള്ളി | : ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (12-15) |
| 14 | ഞായർ | : അഖണ്ഡ ജപമാല സമർപ്പണം അറുപതാം ദിവസം |
| 19 | വെള്ളി | : ഏകദിന കൺവെൻഷൻ |
| 25 | വ്യാഴം | : അഖണ്ഡ ജപമാല സമർപ്പണം എഴുപതാം ദിവസം |
| 26 | വെള്ളി | : ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണ ധ്യാനം (26-29) |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

### കാർഷിക വായ്പ വിതരണം

സിഡഡിയുടെ നേതൃത്വത്തിൽ കാനറാ ബാങ്ക് അടിവാരം, തിരുവമ്പാടി ബ്രാഞ്ചുകളുമായി സഹകരിച്ച് 12 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കാർഷിക വായ്പ വിതരണം നടത്തി.

മരുതോങ്കര, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ കനറാ ബാങ്ക് താമരശ്ശേരി ബ്രാഞ്ചിന്റെ സഹായത്തോടെ ലോൺ പുതുക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ബാങ്ക് FCH ആതിര, ജോയ് കെ.സി, ഏരിയ കോർഡിനേറ്റർമാർ എന്നിവർ നേതൃത്വം നല്കി.

### സ്വാശ്രയസംഘ രൂപീകരണം

തേക്കുംകുറ്റി ഇടവകയുടെ നേതൃത്വത്തിൽ സ്വാശ്രയസംഘ രൂപീകരണത്തിനായി ക്ലാസ് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. ജെയ്സൺ കാരക്കുന്നേൽ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ.സി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 10 SHG കൾ രൂപീകരിച്ചു.

### കാരിത്താസ് ഇന്ത്യ ട്രെയിനിങ്ങ് പ്രോഗ്രാം

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ച് നടത്ത പ്പെട്ട Climate Resilience Campaign ൽ സി ഒ ഡി യെ പ്രതിനിധീ കരിച്ച് 3 പേർ പങ്കെടുത്തു .

### കേരള ലേബർ മൂവ്മെന്റ് (KLM)

കേരള ലേബർ മൂവ്മെന്റിന്റെ പുതിയ ഡയറക്ടറായി ഫാ. തോമസ് പാറൻകുളങ്ങര ചുമതല ഏറ്റെടുത്തു. ഓഫീസ് സെക്രട്ടറി ടെസ്സ സിബി, പ്രസിഡന്റ് ജോഷി ജോസഫ്, വൈസ് പ്രസിഡന്റ് സ്റ്റീഫൻ, സെക്രട്ടറി വിജി ജോസ്, ആൽബിൻ സഖറിയാസ് എന്നിവർ പങ്കെടുത്തു.

### എംപവർ ക്രാഫ്റ്റ്

പ്രൊജക്റ്റിന്റെ ഭാഗമായി കേരള ലേബർ മൂവ്മെന്റ് 20 ഗുണഭോക്താക്കൾക്ക്15 ആടുകളും, 5 തയ്യൽ മെഷീനുകളും വിതരണം ചെയ്തു.

### വിലങ്ങാട് പുനരധിവാസം

വിലങ്ങാട് മേഖലയിൽ പ്രകൃതിദുരന്തത്തിന് ഇരയായവരെ സഹായിക്കാൻ കേരള കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിലങ്ങാട് പുനരധിവാസപദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. ആകെയുള്ള 65 വീടുകളിൽ 15 എണ്ണത്തിന്റെ പണികൾ പൂർത്തിയായി ആളുകൾ താമസം

തുടങ്ങി. 41 വീടുകളുടെ നിർമാണത്തിന് കേരള കത്തോലിക്ക സഭാ കൗൺസിൽ (KCBC) 10 ലക്ഷം രൂപ വീതം സഹായിക്കുന്നു. 24 വീടുകൾ വിവിധ സന്യാസ സഭകളുടെയും സംഘടനകളുടെയും നേതൃത്വത്തിലാണ് നിർമ്മി ക്കുന്നത്. CMI സഭയുടെയും ജീസസ് യൂത്ത് സംഘടനയുടെയും സേവനം പ്രശംസനീയമാണ്. 15-ാമത്തെ വീടിന്റെ വെഞ്ചിരിപ്പുകർമ്മം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. 53-ാമത്തെ വീടിന്റെ തറക്കല്ലിടൽ കർമ്മം കെ.എസ്.എസ്.എഫ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലും 56-ാമത്തെ വീടിന്റേത് വികാരി ജനറാൾ മോൺ. ജോയ്സ് വയലിലും നിർവഹിച്ചു. ഈ വർഷം ഡിസംബറോടെ മുഴുവൻ വീടുകളുടെയും പണികൾ പൂർത്തീകരിക്കും.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### കോളേജ് സന്ദർശനം

LDS ടീമിന്റെ നേതൃത്വത്തിൽ മാംഗ്ലൂർ, ഉഡുപ്പി, ബാംഗ്ലൂർ, മൈസൂർ, ഹസ്സൻ എന്നിവടങ്ങളിലെ നഴ്സിംഗ് കോളേജുകൾ സന്ദർശിച്ചു. LDS മുഖേന അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെ നേരിൽക്കണ്ട് പഠനനിലവാരം വിലയിരുത്തി. ഫാ. തോമസ് പാറൻകുളങ്ങര, ഷിനോജ് പി സി, പ്രിൻസ് തോമസ് എന്നിവരായി രുന്നു ടീമിലുണ്ടായിരുന്നത്.

### അഡ്മിഷൻ പ്രവർത്തനം

ഈ വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മാതാപിതാക്കളെയും വിദ്യാർത്ഥികളെയും കൂട്ടി സർട്ടിഫിക്കറ്റുകൾ സബ്മിറ്റ് ചെയ്യാനും ഫേസ് റീഡിങ്ങിനുമായി കർണാടകയിലെ വിവിധ കോളേജുകളിൽ പോയി. ഷിനോജ് പി സി, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി.

### സ്പ്രിംഗ് ബോർഡ്

LDS ന്റെ നേതൃത്വത്തിൽ +2 വിദ്യാർഥികൾക്കായി ലൈഫ് ഓറിയന്റേഷൻ സെമിനാർ 'സ്പ്രിംഗ് ബോർഡ്' സംഘടിപ്പിച്ചു. മരുതോങ്കര സെന്റ് മേരീസ്, പടത്തുകടവ് ഹോളി ഫാമിലി, കുളത്തുവ യൽ സെന്റ് ജോർജ്സ്, കൂരാച്ചുണ്ട് സെന്റ് തോമസ്, കട്ടിപ്പാറ ഹോളി ഫാമിലി, ഈങ്ങാപ്പുഴ MGM, കോടഞ്ചേരി സെന്റ് ജോസഫ്സ്, വേനപ്പാറ, ഹോളി ഫാമിലി, തിരുവമ്പാടി സേക്രഡ് ഹാർട്ട്, പുല്ലൂരാംപാറ സെൻറ് ജോസഫ്സ്, കൂടരഞ്ഞി സെൻറ് സെബാസ്റ്റ്യൻസ്, തോട്ടുമുക്കം സെൻറ് തോമസ് തുടങ്ങിയ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് സെമിനാർ നടത്തിയത്. ഫാ. തോമസ് പാറൻകുളങ്ങര, മാത്യു ഇമ്മാനുവൽ

മേൽവെട്ടം, സന്ദീപ് കളപ്പുരയ്ക്കൽ, മില്ലറ്റ് ചാണ്ടി, ബോണി ജേക്കബ് എന്നിവർ ക്ലാസുകൾ നയിച്ചു. ഷിനോജ് പിസി, ഷൈനി ഷ്യാം, ഷാനി ജോസഫ് എന്നിവർ നേതൃത്വം നൽകി.

### ട്രെയിനിങ്ങ് പ്രോഗ്രാം

LDS ന്റെ നേതൃത്വത്തിൽ പോത്തുകല്ല് ഹോളി ഏഞ്ചൽസ്, നിലമ്പൂർ ഗുഡ് ഹോപ്പ് സ്കൂളുകളിലെ അധ്യാപകർക്കായി ഓറിയന്റേ ഷൻ സെമിനാർ നടത്തി. മാത്യു ഇമ്മാനുവൽ മേൽവെട്ടം, സന്ദീപ് കളപ്പുരയ്ക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

വേനപ്പാറ ഹോളി ഫാമിലി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി കൾക്കും രക്ഷകർത്താക്കൾക്കുമായി നടത്തിയ സെമി നാറിൽ മാത്യു ഇമ്മാനുവൽ ക്ലാസ് നയിച്ചു.

### സ്റ്റാർ ഫെസ്റ്റ്

ദീപിക ബാലസഖ്യം കോഴിക്കോട് പ്രവിശ്യ നടത്തിയ പ്രവിശ്യ- മേഖല ലീഡർഷിപ്പ് ട്രെയിനിങ്ങ് പ്രോഗ്രാം - സ്റ്റാർ ഫെസ്റ്റിൽ LDS ടീം ക്ലാസുകൾ നയിച്ചു. ചേവായൂർ പ്രസന്റേഷൻ സ്കൂളിൽ പ്രവിശ്യാതല പ്രോഗ്രാം ക്രൈം ബ്രാഞ്ച് SP ശ്രീ. ജോസി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കൂരാച്ചുണ്ട് മേഖലയുടെ പ്രോഗ്രാം ചെമ്പനോട മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂളിൽ നടന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. പി ഗവാസ് ഉദ്ഘാടനം ചെയ്തു. കോടഞ്ചേരി മേഖല പ്രോഗ്രാം കണ്ണോത്ത് സെന്റ് ആന്റണീസ് യുപി സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് തോമസ് ചെമ്പകശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് പാറൻകുളങ്ങര, മാത്യു ഇമ്മാനുവൽ മേൽവെട്ടം, സന്ദീപ് കളപ്പുരക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. ആൽബിൻ സഖറിയാസ്, സിദ്ധാർഥ് എസ് നാഥ്, പ്രിൻസ് തോമസ് ആലക്കൽ, ഷിൽന ദേവസ്യ എന്നിവർ നേതൃത്വം നൽകി.

### ജയ്ഹോ

സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് DCL നടത്തിയ ഓൺലൈൻ പ്രോഗ്രാം - ജയ്ഹോ - ഇന്റലിജൻസ് എസ്പി ചൈത്ര തെരേസ ജോൺ ഉദ്ഘാടനം ചെയ്തു. പ്രവിശ്യ ലീഡർ മേധാ ഷൈജൻ അധ്യക്ഷത വഹിച്ചു. ഫാ. തോമാസ് പാറൻകുളങ്ങര, മാത്യു ഇമ്മാനുവൽ മേൽവെട്ടം, സന്ദീപ് കളപ്പുരക്കൽ, ആൽബിൻ സഖറിയാസ്, സിദ്ധാർഥ് എസ് നാഥ്, ഷിൽന ദേവസ്യ എന്നിവർ നേതൃത്വം നൽകി.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. ഡി. 3378 (TAFCOS)

**Web: www.tafcos.com, Ph: 6282914112.**

താമരശ്ശേരി രൂപതയുടെ മേൽനോട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനം.

### സൊസൈറ്റി സേവനങ്ങൾ

- ഗ്രൂപ്പ് വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ
- സ്വർണ്ണപ്പണയ വായ്പകൾ (മറ്റു ചാർജുകൾ ഒന്നും ഈടാക്കാതെ പ്രതിമാസം 1000 രൂപക്ക് 8 രൂപ മാത്രം)
- ആധുനിക സുരക്ഷാ ക്രമീകരണങ്ങളോടെ ലോക്കർ സൗകര്യം
- സ്ഥിര നിക്ഷേപങ്ങൾക്ക് 8.5% ശതമാനം വരെ പലിശ നൽകുന്നു.
- ചിട്ടിക്ക് സമാനമായ പ്രതിമാസ നിക്ഷേപങ്ങൾ
- സേവിങ്സ് നിക്ഷേപങ്ങൾക്ക് 4% പലിശ
- മൊബൈൽ ബാങ്കിങ് RTGS, NEFT സേവനങ്ങൾ
- വാഹന ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ് എന്നിവയുടെ കോപ്പറേറ്റീവ് ഏജൻസി
- സൊസൈറ്റിയുടെ കളക്ഷൻ ഏജന്റുമാർ മുഖേന ചെറുകിട കച്ചവടക്കാർക്കുള്ള നിത്യനിധി നിക്ഷേപപദ്ധതികൾ

### 2025 സെപ്റ്റംബറിൽ തുടങ്ങുന്ന ചിട്ടികൾ

| സല | തവണ | മാസ അടവ് |
|---|---|---|
| 1 ലക്ഷം | 20 മാസം | 5000 |
| 2 ലക്ഷം | 20 മാസം | 10000 |
| 6 ലക്ഷം | 24 മാസം | 25000 |

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 8075061960, 6282914112

# Institute of Food and Agricultural Ethics (IFAE)

ഭക്ഷ്യ-കാർഷിക ധാർമിക മേഖലയിലെ പഠനത്തിനും ഗവേഷണത്തിനുമായി സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ ആദ്യ സ്ഥാപന മാണ് താമരശ്ശേരി രൂപതയുടെ നേതൃത്വത്തിലുള്ള ഇഫ.

## ബിരുദദാന ചടങ്ങ്

ഇഫയുടെ നേതൃത്വത്തിൽ നടത്തിയ പി.ജി. ഡിപ്ലോമ ഇൻ ന്യൂട്രിഷൻ ആന്റ് ഡയറ്റ് സയൻസ് പ്രോഗ്രാമിന്റെ കോൺവൊക്കേ ഷൻ താമരശ്ശേരി ബിഷപ്സ് ഹൗസിൽ നടന്നു. ഇഫ പ്രസിഡന്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. മാനേജിങ് ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, അഡ്മിനിസ്ട്രേഷൻ ബോർഡ് മെമ്പർ ഫാ. ബെന്നി പുന്നൂസ്സ് മുണ്ടനാട്ട് എന്നിവർ സന്നിഹിതരായിരുന്നു.

## ബയോ ഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഏറ്റവും മികച്ച ഫലവൃക്ഷങ്ങൾ, നാണ്യവിള തൈകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളം, ജൈവകീടനാശിനി കൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. ബിഷപ്പ് ഹൗസിനു സമീപം പ്രവർത്തിക്കുന്നു.

## ബയോ ഡൈവേഴ്സിറ്റി അഗ്രി ഫാം

ഇഫയുടെ നേതൃത്വത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ കാർഷിക ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കിസാൻ ലൈൻ: ടോൾഫ്രീ നമ്പർ: 1800425377, സൗജന്യ കാർഷിക ഹെൽപ്പ് ലൈൻ, www.kisanline.com

കിസാൻഭാരത് വെബ് പോർട്ടൽ: www.kisanbharath.com

ഇടനിലക്കാരില്ലാത്ത സൗജന്യ കാർഷിക ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം.

ഇടവകയിലെ കർഷകർക്ക് ഉപകാരപ്രദമാകുന്ന ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ കർഷകരെ ഓർമിപ്പിക്കുമല്ലോ.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2025 ജൂലൈ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Chappanthottam | 10,000.00 |
| 2 | Pallorkkothu | 10,000.00 |
| 3 | Mailellampara | 10,000.00 |
| 4 | Kodanchery | 10,000.00 |
| 5 | Manjeri | 8,000.00 |
| 6 | Thottumukkam | 5,000.00 |
| 7 | Kulathuvayal | 20,000.00 |
| 8 | Koodaranji | 10,000.00 |
| 9 | Venappara | 15,000.00 |
| | **Home** | |
| 10 | PT Chacko Nagar | 10,000.00 |
| 11 | PT Chacko Nagar | 10,000.00 |
| 12 | Chippilithode | 10,000.00 |
| 13 | Malaparamba | 15,000.00 |
| 14 | Chempanoda | 15,000.00 |
| 15 | Kuliramutty | 15,000.00 |
| | **Medical** | |
| 16 | Kunduthode | 15,000.00 |
| 17 | Adackakundu | 8,000.00 |
| 18 | Kalikavu | 12,000.00 |
| 19 | Manjakunnu | 12,000.00 |
| 20 | Vayalada | 12,000.00 |
| 21 | Chembukadave | 8,000.00 |
| 22 | Chembukadave | 10,000.00 |
| 23 | Chembukadave | 7,000.00 |
| 24 | Pushpagiri | 12,000.00 |
| 25 | Koorachundu | 10,000.00 |
| 26 | Koorachundu | 8,000.00 |
| 27 | Koorachundu | 10,000.00 |
| 28 | Koorachundu | 8,000.00 |
| 29 | Manjuvayal | 8,000.00 |
| 30 | Karingad | 12,000.00 |
| 31 | Chempanoda | 15,000.00 |
| 32 | Thamarassery | 8,000.00 |
| 33 | Pulloorampara | 15,000.00 |
| 34 | Muthukad | 10,000.00 |
| 35 | Thamarassery | 15,000.00 |
| 36 | Thiruvambady | 10,000.00 |
| 37 | Chundathumpoil | 15,000.00 |
| 38 | Koodaranji | 12,000.00 |
| | **Marriage** | |
| 39 | Chathangottunada | 12,000.00 |
| 40 | Venappara | 20,000.00 |
| | **Miscellaneous** | |
| 41 | Thamarassery | 10,000.00 |
| | **Total** | **4,67,000.00** |

**ഫാ. ജോർജ് മുണ്ടനാട്ട്**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ജൂലൈ**

28 വൈകുന്നേരം, വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനു ബന്ധിച്ച് പന്തല്ലൂർ ഇടവകയിൽ റാസ കുർബാന അർപ്പിക്കു കയും തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

29 രാവിലെ, കല്ലുരുട്ടി തിരുഹൃദയ മഠം കപ്പേളയിൽ പുതിയ അൾത്താര കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു.

താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ നവീകരിച്ച ചാപ്പൽ വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, പാതിരിക്കോട് ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്കുവേണ്ടി ക്ലാസ്സെടുത്തു.

30 രാവിലെ, സനാതന മേജർ സെമിനാരിയിൽ വൈദിക വിദ്യാർ ത്ഥികൾക്ക്വേണ്ടി വി. കുർബാന അർപ്പിച്ചു.

താമരശ്ശേരി എം.എം.പി.സി. പാസ്റ്ററൽ സെന്ററിൽ താമരശ്ശേരി രൂപത മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സ്കൂൾതല ലഹരി വിരുദ്ധ ക്ലബ്ബ് ഭാരവാഹികൾക്കായി നടത്തിയ വ്യക്തിത്വവികസന പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, പശുക്കടവ് ഇടവകയിൽ നിര്യാതനായ വടക്കേടത്ത് നെവിൽ ഡയസിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

വിലങ്ങാട് ഇടവകയിൽ, കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ ഉരുൾപൊട്ടലിൽ ഭവനം നഷ്ടപ്പെട്ടവർക്ക് നിർമ്മിച്ചുനല്കുന്ന പതിനഞ്ചാമത്തെ ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരിയിൽ വി. അൽഫോൻസാമ്മയുടെയും വി. ജോൺ മരിയ വിയാനി യുടെയും തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷ ങ്ങളിൽ പങ്കെടുക്കുകയും തുടർന്ന് അൽഫോൻസ മൈനർ സെമിനാരി യിലെ വിദ്യാർത്ഥികൾ രൂപത ഭവനിലെ ജോൺ പോൾ രണ്ടാമൻ ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ച കലാപരിപാടികളിൽ പങ്കുചേർന്നു.

31 രാവിലെ, ചെമ്പുകടവ് ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, കക്കയം ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക്വേണ്ടി ക്ലാസ്സെടുത്തു.

## ആഗസ്റ്റ്

1 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ, ഛത്തീസ്ഗഡിൽ അറസ്റ്റിലായ സന്യാസിനിമാരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് താമരശ്ശേരി രൂപത നടത്തിയ പ്രാർഥനാദിനം വി. കുർബാന അർപ്പിച്ചുകൊണ്ട് ആരംഭിച്ചു.

തിരുവമ്പാടി, സെന്റ് അൽഫോൻസ കോളേജിൽ, അൽഫോൻ സാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ആഘോഷ ങ്ങൾ ഉദ്ഘാടനം ചെയ്തു.

2 രാവിലെ, ചെമ്പനോട ഇടവകയിലെ ഒരു കുടുംബത്തിലെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി. മറ്റൊരു കുട്ടിക്ക് ആഘോഷപൂർവ്വകമായി വി. കുർബാനയും നല്കി.

ഉച്ചകഴിഞ്ഞ്, കോട്ടുളി, സ്റ്റാർട്ടിൽ പുതിയ അധ്യായനവർഷം ഉദ്ഘാടനം ചെയ്തു.

പാറോപ്പടി ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശയും ഒന്നാമത്തെ കുട്ടിക്ക് ആഘോഷപൂർവ്വകമായി വി. കുർബാനയും നല്കി.

വൈകുന്നേരം, നരിനട ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

3 രാവിലെ, രൂപതാഭവൻ ജോൺ പോൾ സെക്കന്റ് ഓഡിറ്റോറിയത്തിൽ, മൈനർ സെമിനാരി ഉപകാരികളുടെ ദിനത്തോട് അനുബന്ധിച്ച്, കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

ഉചകഴിഞ്ഞ്, തിരുവമ്പാടി പാരീഷ്ഹാളിൽ വച്ച് ബേബി പെരുമാലിൽ സ്മാരക കർഷക അവാർഡ് നേടിയ ശ്രീ. സിജോ കണ്ടത്തും തൊടുകയിലിന് അവാർഡ് സമ്മാനിച്ചു.

വൈകുന്നേരം, തിരുവമ്പാടി ഫൊറോനയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളെ അഭിസംബോധന ചെയ്തു.

തിരുവമ്പാടി ഇടവക അംഗവും, വൈദികവിദ്യാർത്ഥികളുടെ ഉപകാരിയുമായിരുന്ന സോണി മണ്ണാനിക്കാട്ടിന്റെ ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

4 രാവിലെ, നവീകരിച്ച, കോഴിക്കോട് ഗുഡ് ഷെപ്പേർഡ് വൈദിക മന്ദിരത്തിന്റെ വെഞ്ചിരിപ്പ് നടത്തി.

വൈകുന്നേരം, വൈദിക ദിനത്തോടനുബന്ധിച്ചു രൂപതയിലെവൈദികരുടെ സാന്നിധ്യത്തിൽ, നവീകരിച്ച സെന്റ് അൽഫോൻസ മൈനർ സെമിനാരിയുടെ വെഞ്ചരിപ്പ് നടത്തുകയും, തുടർന്ന് അൽഫോൻസാ സ്കൂളിൽ വച്ചു നടത്തിയ വൈദികസംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു.

5–8 മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. സിനഡ് പിതാക്കന്മാർക്കായി നടത്തിയ വാർഷികധ്യാനത്തിൽ സംബന്ധിച്ചു.

9 രാവിലെ, രൂപതാഭവനിൽ നടന്ന വിശ്വാസപരിശീലനത്തിന്റെ പ്രമോട്ടേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു.

വന്യജീവി അക്രമണത്തിനെതിരെ താമരശ്ശേരി രൂപത എ.കെ.സി.സി.യുടെ നേതൃത്വത്തിൽ, താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, പാറോപ്പടി എന്നീ ഫൊറോന കളുടെ സംയുക്ത പ്രതിഷേധ 'സാരിവേലിസമരം', താമരശ്ശേരി ഫോറസ്റ്റ് റേഞ്ച് ഓഫീസിനു മുന്നിൽ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രിക്കൾച്ചർ എത്തിക്സിന്റെ (ഇഫ) നേതൃത്വത്തിൽ നടത്തുന്ന എം.എസ്. സി. ഓൺലൈൻ കോഴ്സിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു.

10 പശുക്കടവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

11 രാവിലെ, പീടികപ്പാറ ഇടവകയിലെ രണ്ടു കുടുംബങ്ങളിലെ നാലാമത്തെ കുഞ്ഞുങ്ങൾക്ക് പ്രാരംഭ കൂദാശകളും അതിൽ ഒരു കുടുംബത്തിലെ മൂത്തകുട്ടിക്ക് ആഘോഷപൂർവ്വകമായ ദിവ്യകാരുണ്യവും നല്കി.

പനംപ്ലാവ് ഇടവകയിൽ, പരേതയായ വാത്തോലിൽ മാർത്ത തോമസിന്റെ ഓർമ്മദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് ഭവനത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, വെട്ടത്തൂർ ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

12-13 ഏറ്റുമാനൂർ തൂവാനീസ ധ്യാനകേന്ദ്രത്തിൽ, വടവാതൂർ സെമിനാരിയിലെ സഹപാഠികളുടെ സംഗമത്തിൽ സംബന്ധിച്ചു.

14 രാവിലെ, മരിയാപുരം ഇടവകയിൽ വി. കുർബാന അർപ്പിക്കു കയും സെമിത്തേരിയിൽ പുതുതായി പണിത ഹാളും സെന്റ് മേരീസ് ഹൈസ്ക്കൂളിന്റെ ഭക്ഷണം തയ്യാറാക്കുന്ന കെട്ടിടവും വെഞ്ചരിക്കുകയും, ഫാത്തിമ മാതാ യു.പി. സ്കൂളിൽ കുട്ടികൾക്കായുള്ള പാർക്ക് വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

നെന്മേനി ഇടവകയിൽ നവീകരിച്ച വിദ്യാജ്യോതി യു.പി. സ്കൂൾ കെട്ടിടം ആശീർവദിച്ച് ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

വൈകുന്നേരം, വലിയകൊല്ലി ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക്വേണ്ടി ക്ലാസ്സെടുത്തു.

15 രാവിലെ, വയലിട ഇടവകയിൽ നവീകരിച്ച ദൈവാലയം പുനർകൂദാശ ചെയ്യുകയും റാസ കുർബാന അർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം, മഞ്ഞുവയൽ ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപനസമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

16 രാവിലെ, പാറോപ്പടി ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

താമരശ്ശേരി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചർ എത്തിക്സിന്റെ (ഇഫ) നേതൃത്വത്തിൽ നടത്തിയ പി.ജി., ഡിപ്ലോമ ഇൻ ന്യൂട്രീഷ്യൻ ആന്റ് ഡയറ്റ് സയൻസിൽ വിജയിച്ചവരുടെ കോൺവൊക്കേഷൻ സെറിമണി ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

പുതുപ്പാടി ഇടവക ദൈവാലയത്തിൽ വെച്ച് ഫിലിപ്പ് നേരി സന്യാസ സമൂഹത്തിലെ സന്യാസിനിമാരുടെ വ്രതവാഗ്ദാന ത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മൈലള്ളാംപാറ ഇടവകയിൽ പരേതനായ മാത്യു ചെറുപിലാവിലിന്റെ ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷക ൾക്ക് നേതൃത്വം നൽകി.

17 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.


കോഴിക്കോട്, ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ ഏഴാമത് ബാച്ചിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

വൈകുന്നേരം, തൃശ്ശൂർ അരണാട്ടുകര സെന്റ് തോമസ് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

18-29 മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

*******************





## POPE LEO XIV

### PRAYER VIGIL WITH THE YOUNG PEOPLE ON 2 AUGUST 2025



Dear young people, every person naturally desires a good life, just as lungs long for air, but how difficult it is to find it! How difficult it is to find true friendship! Centuries ago, Saint Augustine understood the deepest desire of our hearts, the desire of every human heart, even without the technological developments of today. He too had a restless youth, but he did not settle for less, he did not silence the cry of his heart. Augustine sought the truth, the truth that does not disappoint and the beauty that does not fade. And how did he find it? How did he find true friendship and a love capable of giving hope? By finding the one who was already looking for him, by finding Jesus Christ. How did he build his future? By following the one who had always been his friend. In his own words, friendship is nowhere faithful but in Christ. Saint Augustine tells us there is no friendship that is authentic if that is not in Christ. And the true friendship is always in Jesus Christ with truth, love and respect. Only in him can it be eternal and happy (cf. Against Two Letters of the Pelagians I, I, 1). The one who loves God in his friend, truly loves his friend (cf. Sermon 336), Saint Augustine tells us. Friendship with Christ, which forms the basis of faith, is not just one aid among many others for building the future; it is our guiding star. According to Blessed Pier Giorgio Frassati, to live without faith, without a patrimony to defend, without a steady struggle for truth, is not living, but existing (cf. Letters, 27 February 1925). It is when our friendships reflect this intense bond with Jesus that they really become sincere, generous and true.

Dear young people, love one another! Love one another in Christ! Know how to see Jesus in others. Friendship can truly change the world. Friendship is a path to peace.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-08-2025 |




വി. വിൻസെന്റ് ഡി പോൾ

ഞങ്ങൾക്കുവേണ്ടി

അപേക്ഷിക്കേണമേ...


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 09, September 2025, Pages 68.